OCTOBER 2019

# ഫിയാത്ത്

Let it be done




A FIATMISSION PUBLICATION

**മാമ്മോദീസ സ്വീകരിച്ചവർ അയയ്ക്കപ്പെട്ടവരാണ്..**


"ജപമാല ചൊല്ലുന്ന എല്ലാവർക്കും
എന്റെ പ്രത്യേക സംരക്ഷണവും
മഹത്തായ കൃപകളും
ഞാൻ വാഗ്ദാനം ചെയ്യുന്നു."
-പരിശുദ്ധ അമ്മ വിശുദ്ധ ഡൊമിനിക്കിനോട് പറഞ്ഞത്

**Biblia**
Bible Production & Distribution Ministry

**Scriptura**
Bible Writing Competitions

**Papyrus**
Used Paper to Bible Paper

**GGM Mission Congress**
National Mission Gathering

**Intercession**
Ministry

**Cenacle**
Cell Groups Praying for Mission

**Discipleship**
Training Ministry

**Retreat**
Ministry

**Media**
Fiat magazine & Visual Media Ministry

“നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ.” *(മർക്കോസ് 16:15)*

## ഫിയാത്ത് മിഷൻ

ലോകസുവിശേഷവത്കരണം ലക്ഷ്യം വെച്ചുകൊണ്ടുള്ള കത്തോലിക്കാസഭയിലെ ഒരു അത്മായ മുന്നേറ്റം

ബൈബിൾ നിർമ്മാണ വിതരണ ശുശ്രൂഷ

ബൈബിൾ പകർത്തിയെഴുത്തു മത്സരങ്ങൾ

ബൈബിൾ പേപ്പർ സമാഹരണപദ്ധതി

ജിജിഎം മിഷൻ കോൺഗ്രസ്സ്

മധ്യസ്ഥ പ്രാർത്ഥനാ ശുശ്രൂഷ

മിഷനുവേണ്ടി പ്രാർത്ഥിക്കുന്ന സെൽ ഗ്രൂപ്പുകൾ

ശിഷ്യത്വ പരിശീലന ശുശ്രൂഷകൾ

ധ്യാന പരിപാടികൾ

മാസിക, വിഷ്വൽ മീഡിയ

"This missionary mandate touches us personally:
I am a mission, always;
you are a mission,always;
every baptized man and woman is a mission."
-Pope Francis



ഫിയാത്ത്മിഷന്റെ
സ്വർഗ്ഗീയ മധ്യസ്ഥനായ
**വി. വിൻസെന്റ് ഡി പോൾ,**
ഫിയാത്ത്മിഷനു വേണ്ടി
പ്രാർത്ഥിക്കണമേ..




Fiat Mission
HIS VISION, OUR MISSION
FIATMISSION, C-24/B,
2nd Floor, Pancheelvihar, New Delhi -17, 9961550000
website: fiatmission.org, email: fiatxtn@gmail.com

ലക്കം 3 | പുസ്തകം 12 | ഒക്ടോബർ 2019



*Patrons*
**Bp. Mar Bosco Puthur,** Melbourne Diocese, Australia
**Bp. Chacko Thottumarikkal SVD,** Indore Diocese
**Bp. Jacob Mar Barnabas,** Gurgaon Diocese

*Spiritual Director*
**Rev.Fr.Joseph Anthikkatt**

*Chief Editor* :
**Santhosh K.P.**

*Sub Editor:*
**Paul Edakkalathur**

*Advisory Board*
**Baby John Kalayanthani**
**Sr. Grace Thomas CMC**
**Antony K.P.**

*General Manager:*
**Pauly Thomas**

*Circulation Manager:*
**Ittiachan M.J.**


കേരളസഭയിൽ മിഷൻ അവബോധം വളർത്തുന്നതിനായി പ്രസിദ്ധീകരിക്കപ്പെടുന്ന ഫിയാത്ത് മാസിക, കഴിഞ്ഞ 12 വർഷമായി തീർത്തും സൗജന്യമായാണ് വിതരണം ചെയ്തു വരുന്നത്. ലാഭനഷ്ടങ്ങൾ പരിഗണിക്കാതെ നടത്തുന്ന ഫിയാത്ത് മിഷന്റെ ദൈവരാജ്യശുശ്രൂഷകളെല്ലാം വിശ്വാസികളുടെ സഹകരണം ഒന്നു കൊണ്ട് മാത്രമാണ് സാധ്യമാകുന്നത്.

എഡിറ്റോറിയൽ

# പ്രതിരോധത്തിൽ ഒതുങ്ങരുത്, നാം ആക്രമിച്ച് നേടാനുള്ളവർ

സഭയ്ക്കെതിരേ ഈയടുത്ത നാളുകളിൽ പലവിധ വിമർശനങ്ങളും കുറ്റപ്പെടുത്തലുകളും മറ്റ് ആക്രമണങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇവ കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുമ്പോൾ, സഭയെ സ്നേഹിക്കുകയും സഭയെ ശുശ്രൂഷിക്കാനാഗ്രഹിക്കുകയും ചെയ്യുന്ന ഉത്തമരായ സഭാമക്കളിൽ ചിലരെങ്കിലും ഇനിയെന്താണ് ചെയ്യേണ്ടതെന്ന് ആകുലരാകാറുണ്ട്.

സഭയുടെ ആരംഭം മുതലേ സഭയ്ക്കെതിരെ പലതരത്തിലുമുള്ള അതിശക്തമായ ആക്രമണങ്ങളാണ് ഉണ്ടായിക്കൊണ്ടിരുന്നത്. ആ വേളയിൽ സഭാതനയർ എന്താണ് ചെയ്തതെന്ന് പരിശോധിക്കുന്നതായിരിക്കും ഇക്കാര്യത്തിൽ നമുക്കനുവർത്തിക്കാവുന്ന യഥാർത്ഥവും ഉചിതവുമായ മാതൃക.

'ചിതറിക്കപ്പെട്ടവർ, വചനം പ്രസംഗിച്ചു കൊണ്ടു ചുറ്റി സഞ്ചരിച്ചതായും.' 'അപമാനിക്കാനും കല്ലെറിയാനുമുള്ള ഒരു നീക്കം ഉണ്ടായപ്പോൾ പലായനം ചെയ്യുകയും സുവിശേഷം പ്രസംഗിച്ചു കൊണ്ടിരിക്കുകയും' ചെയ്തതായും നാം അപ്പസ്തോല പ്രവർത്തനത്തിൽ വായിക്കുന്നു.

'കർത്താവിന്റെ വചനം വ്യാപിച്ചെങ്കിലും പീഡനം ഇളക്കിവിട്ട് നാട്ടിൽനിന്ന് പുറത്താക്കപ്പെട്ടപ്പോൾ ശിഷ്യർ തങ്ങളുടെ പാദങ്ങളിലെ പൊടി അവർക്കെതിരായി തട്ടിക്കളഞ്ഞിട്ട് പോയി.' നിരാശരായില്ലെന്നു മാത്രമല്ല 'ശിഷ്യന്മാർ ആനന്ദത്താലും പരിശുദ്ധാത്മാവിനാലും നിറഞ്ഞവരാ'വുകയാണുണ്ടായതെന്ന് വചനം സാക്ഷ്യപ്പെടുത്തുന്നു. (അപ്പ. പ്രവ.13:49-52)

ദൈവദൂതൻ വഴി കർത്താവ് നേരിട്ട് പറഞ്ഞതൊന്നും മറ്റൊന്നല്ല. ''അപ്പസ്തോലന്മാരെ പിടിച്ച് ബന്ധിച്ച് പൊതു കാരാഗൃഹത്തിലടച്ചു. രാത്രി കർത്താവിന്റെ ദൂതൻ കാരാഗൃ

ഹവാതിലുകൾ തുറന്ന് അവരെ പുറത്തുകൊണ്ടുവന്ന് അവരോടു പറഞ്ഞു: നിങ്ങൾ ദൈവാലയത്തിൽ ചെന്ന് എല്ലാ ജനങ്ങളോടും നവജീവൻെറ ഈ വചനം പ്രസംഗിക്കുവിൻ.'' (അപ്പ.പ്രവ.5:17-20)

'ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചുകൊണ്ട്, അലറുന്ന സിംഹത്തെപ്പോലെ ചുറ്റിനടക്കുന്ന ശത്രുവായ പിശാചും' (1 പത്രോസ് 5:8) അവന്റെ സൈന്യവും, സഭയെ തകർക്കാൻ 2000 വർഷങ്ങളായി തന്ത്രങ്ങൾ മെനയുകയും നടപ്പിലാക്കാൻ ശ്രമിച്ച് പരാജയമടയുകയും ചെയ്യുന്നു. ആത്മാക്കളെ രക്ഷിക്കാനുള്ള പ്രവർത്തനങ്ങളിൽ നിന്ന് സഭാസന്താനങ്ങളെ പിന്തിരിപ്പിക്കുക മാത്രമാണ് ശത്രുവിന്റെ ആത്യന്തിക ലക്ഷ്യമെന്ന് പലരും മനസ്സിലാക്കുന്നില്ല.

ലോകത്തെ ആത്മീയമായി മാത്രമല്ല ഭൗതികമായും സാമൂഹികമായും ഉയർത്തിയത് സഭയാണെന്ന് അറിയാഞ്ഞിട്ടല്ല, പലപ്പോഴും പലരും ഇതിനെതിരെ നിലകൊള്ളുന്നത്. തങ്ങളുടെ ജീവിതങ്ങളുടെ മുൻകാലത്തേയ്ക്ക് ഒന്നു തിരിഞ്ഞു നോക്കിയാൽ, ചുറ്റുപാടുമൊന്ന് കണ്ണോടിച്ചാൽ പകൽപോലെ വ്യക്തമല്ലേ സഭയുടെ സേവനങ്ങൾ? "ഈ ലോകത്തിൻെറ ദേവൻ അവിശ്വാസികളായ അവരുടെ മനസ്സിനെ അന്ധമാക്കിയിരിക്കുന്നു. തന്നിമിത്തം, ദൈവത്തിൻെറ പ്രതിരൂപമായ ക്രിസ്തുവിൻെറ മഹത്വമേറിയ സുവിശേഷത്തിൻെറ പ്രകാശം അവർക്കു ദൃശ്യമല്ല." (2 കോറി. 4:4)

എന്നാൽ സഭാമാതാവിന്റെ കരവലയത്തിൽ കിടന്നു വളർന്ന മക്കളോ? അവരെന്തേ കണ്ണുതുറന്നു കാണുന്നില്ല. മനസ്സുതുറന്നു ഗ്രഹിക്കുന്നില്ല. സഭാവിരുദ്ധ ചർച്ചകളിൽ പരസ്യമായി ആവേശത്തോടെ സഭാമക്കളിൽ ചിലരെങ്കിലും മുഴുകുന്നു. ആത്മരക്ഷയെക്കുറിച്ച് അജ്ഞരെങ്കിലും, തങ്ങൾക്ക് വിദ്യാഭ്യാസവും, ചികിത്സയും തരാൻ കഷ്ടപ്പെട്ടതും സമൂഹത്തെ ഉന്നതിയിലെത്തിച്ചതും സഭയാണെന്ന് അറിയാത്തവരാരുമുണ്ടാകില്ല.

കേരളത്തിന്റെ കാര്യം മാത്രമെടുക്കാം. പ്രത്യക്ഷമായോ പരോക്ഷമായോ സഭയുടെ സേവനങ്ങളൊന്നും ലഭിക്കാത്ത ഒരു വ്യക്തി പോലും കേരളത്തിലിന്നുണ്ടാവുകയില്ലെന്ന് നിശ്ചയം. സഭാസ്ഥാപനങ്ങളിൽ പഠിച്ച് സഭയുടെ ആതുരാലയങ്ങളിൽ ആരോഗ്യപരിരക്ഷനേടി, ഒരു പക്ഷേ സഭയുടെ സ്ഥാപനങ്ങളിൽ ജോലിചെയ്ത് ശമ്പളം വാങ്ങി സുഖകരമായി ജീവിക്കുന്നവർപോലും, സഭ തങ്ങളെ എങ്ങനെയൊക്കെയോ ദ്രോഹിച്ചുക്കൊണ്ടിരിക്കുന്നു എന്ന തരത്തിൽ അക്രൈസ്തവ സഹോദരങ്ങളുടെ ഇടയിൽ സഭയെ നാണം കെടുത്തുന്ന രീതിയിൽ 'പ്രഘോഷണം നടത്തു'ന്നത് കാണുമ്പോൾ തങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സംരക്ഷണത്തിന്റെ വില യഥാർത്ഥത്തിൽ മനസ്സിലാക്കിയിട്ടില്ല എന്നു വ്യക്തമാണ്. ഒരുപാട് മിഷണറിമാർ ക്രിസ്തുസ്നേഹത്തെപ്രതി രക്തവും വിയർപ്പുമൊഴുക്കി കെട്ടിപ്പടുത്ത സഭയുടെ സേവനങ്ങൾ ഇനിയുമെത്താത്ത ഇടങ്ങളിലേയ്ക്ക് അവരൊന്ന് ഇറങ്ങി നോക്കട്ടെ, തങ്ങൾ അനുഭവിക്കുന്ന സുരക്ഷിതത്വവും സ്വാതന്ത്ര്യവും എത്രയെന്ന് മനസിലാക്കി ഇനിയെങ്കിലും നന്ദികെട്ടവരാകാതിരിക്കാൻ, സഭയെ ദുർബലപ്പെടുത്താനുള്ള സാത്താന്റെ ചട്ടുകങ്ങളാകാതിരിക്കാൻ അപ്പോൾ അവർക്ക് സാധിക്കും.

അപ്പോൾ ഒരു ചോദ്യം ബാക്കിയാവുന്നു. സഭയ്ക്കെതിരേയുള്ള വിമർശനങ്ങൾക്കും കുറ്റപ്പെടുത്തലുകൾക്കുമെതിരേ നാം എങ്ങനെയാണ് പ്രതികരിക്കേണ്ടത്. ഇവയ്ക്കെതിരെ നമ്മൾ നിസ്സംഗത പാലിച്ചാൽ മതിയോ?

നമുക്ക് പറയാനുള്ളത് കേൾക്കാൻ സമൂഹത്തിന് ആഗ്രഹവും അവകാശവുമുള്ളതിനാൽ അത് വ്യക്തമായി അവതരിപ്പിച്ച് ബാക്കിയെല്ലാം ദൈവഹിതത്തിന് വിട്ടു കൊടുത്ത് നാം ശ്രദ്ധ തിരിക്കണം, കർത്താവേൽപ്പിച്ച ദൗത്യത്തിലേയ്ക്ക്. തിന്മയ്ക്കെതിരെ യുദ്ധം ചെയ്ത് ആത്മാക്കളുടെ രക്ഷനേടുന്ന ദൗത്യം- അത് നാം ചെയ്തില്ലെങ്കിൽ ആര് ചെയ്യും? പ്രതിരോധത്തിൽ അമിതമായി ശ്രദ്ധിച്ച് നമ്മുടെ കർത്തവ്യം നാം മറന്നു പോകരുതല്ലോ. നമ്മുടെ യുദ്ധം മുടക്കാൻ സാത്താൻ ഒരുക്കുന്ന കെണിയിൽ വീണുപോവുകയും ചെയ്യരുതല്ലോ.

'മരിച്ചുപോയെന്നു കരുതുമാറ് കല്ലേറിയപ്പെട്ട് നഗരത്തിനു പുറത്തേക്കു വലിച്ചുകൊണ്ടുപോകപ്പെട്ട പൗലോസ്, ശിഷ്യൻമാർ ചുറ്റും കൂടിയപ്പോൾ എഴുന്നേറ്റു പട്ടണത്തിൽ പ്രവേശിച്ചു' (അപ്പ.പ്രവ.14:19-20) എന്നത് ഏത വസ്ഥയിലും നമ്മുടെ കർത്തവ്യത്തിലേയ്ക്ക് നാം ശ്രദ്ധതിരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നുണ്ട്.

‘അപ്പസ്തോലൻമാരെ പ്രഹരിച്ച് യേശുവിൻെറ നാമത്തിൽ സംസാരിച്ചു പോകരുതെന്നു കൽപ്പിച്ച് വിട്ടയച്ചപ്പോഴും, പഠിപ്പിക്കുന്നതിലും പ്രസംഗിക്കുന്നതിലും നിന്ന് അവർ വിരമിച്ചില്ലെ’ന്ന് വചനം വ്യക്തമാക്കുന്നു. (അപ്പ.പ്രവ.5:40–42)

സഭയുടെ കെട്ടുറപ്പിനെക്കുറിച്ച് ഇല്ലാവചനങ്ങൾ കേട്ട് ഒരു പരിധിയിൽക്കവിഞ്ഞ് പ്രതിരോധത്തിൽ മാത്രം ശ്രദ്ധിച്ചിരുന്നാൽ, ഇനിയും തിന്മയെ ആക്രമിച്ച് കീഴ്പ്പെടുത്തി ആത്മാക്കളെ നേടാൻ നമുക്ക് കഴിയാതെ വരും. സംരക്ഷണം നൽകുന്നത് കർത്താവാണല്ലോ. നാം പ്രതിരോധിക്കാൻ മാത്രമുള്ളവരല്ല, ആക്രമിക്കാനുള്ളവരാണെന്നറിയുക. ശത്രുവിന്റെ ദുഷ്ടസൈന്യത്തെ ദൈവാത്മാവിന്റെ പ്രവർത്തനങ്ങൾ കൊണ്ട് ആക്രമിച്ച് ആത്മാക്കളെ രക്ഷിക്കാനുള്ളവർ.

എല്ലാ ആത്മാക്കളും രക്ഷപ്പെടണമെന്ന് കർത്താവാഗ്രഹിക്കുന്നു. ആ ദൗത്യത്തിൽ നിന്ന് നമ്മെ പിന്തിരിപ്പിച്ച് അനാവശ്യ പ്രതിരോധത്തിൽ തളച്ചിടുന്ന തിന്മയുടെ ശക്തികൾക്ക് അനർഹമായ പ്രാധാന്യം നൽകാതിരിക്കാം. പ്രതിരോധത്തിൽ മാത്രം ഒതുങ്ങാതെ ആക്രമണോത്സുകതയോടെ നമുക്ക് ഒരുമിച്ച് ദൈവരാജ്യശുശ്രൂഷയ്ക്കായി മുന്നിട്ടിറങ്ങാം.

ഇതിനായി ദൈവം ഒരുക്കിയിരിക്കുന്ന പ്രത്യേക അവസരമാണ് ഫ്രാൻസിസ് പാപ്പ സവിശേഷ മിഷനറി മാസമായി ആചരിക്കാൻ ആഹ്വാനം ചെയ്തിരിക്കുന്ന ഈ മാസം. വെറും ആചരണമായി ഒതുങ്ങിപ്പോകാതെ മിഷനെ വളർത്തുകയെന്നത് നമ്മുടെ ജീവിതശൈലിയായി മാറ്റാൻ ഈയവസരം നാം പ്രയോജനപ്പെടുത്തിയേ മതിയാകൂ.


Fiat Mission

Media

സഭയ്ക്ക് താങ്ങാകുകയെന്നത് സഭാതനയരുടെ കർത്തവ്യമാണ്.
സഭയെ ശക്തിപ്പെടുത്താനുള്ള ഫിയാത്ത് മിഷന്റെ മാധ്യമ ശുശ്രൂഷകളിൽ
സൗജന്യമായി പങ്കാളികളാകാൻ അവസരം.



9961550000

fiatmission

ഫിയാത്ത് മിഷന്റെ യുറ്റ്യൂബ് ചാനൽ
fiatmission - Subscribe ചെയ്യുക.

അനുദിന തിരുവചനങ്ങളും, മറ്റ് വീഡിയോകളും വാട്സ്ആപ്പിൽ ലഭിക്കുവാൻ (വാട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുവാൻ) 9961550000–ൽ മെസേജ് ചെയ്യുക.

ഫേസ്ബുക്ക് പേജ് fiatmission - Like ചെയ്യുക. ഫിയാത്ത് മിഷന്റെ വീഡിയോകളും അനുദിന തിരുവചനങ്ങളും ഫേസ്ബുക്കിൽ ലഭ്യമാകും.

ഫിയാത്ത് മാഗസിൻ സൗജന്യമായി ലഭിക്കുന്നതിന് വിലാസം അയച്ചുതരിക.
fiatxtn@gmail.com

# സവിശേഷ മിഷനറി മാസം 2019 ഒക്ടോബർ

## ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ;
## ലോകത്തിൽ മിഷൻ പ്രവർത്തനം നടത്തുന്ന ക്രിസ്തുവിന്റെ സഭ

Baptised and sent



**ബെനഡിക്ട് പതിനഞ്ചാമൻ പാപ്പയുടെ Maximum Illud എന്ന അപ്പസ്തോലിക ലേഖനത്തിന്റെ നൂറാം വാർഷികം ആഘോഷിക്കുന്ന വേളയിൽ ഫ്രാൻസിസ് പാപ്പാ 2019 ഒക്ടോബർ മാസം സവിശേഷ മിഷനറി മാസമായി പ്രഖ്യാപിച്ചിരിക്കുകയാണ്.**

'ലോകത്തിൽ മിഷൻ പ്രവർത്തനം നടത്തുന്ന ക്രിസ്തുവിന്റെ സഭ' എന്നതാണ് ഈ സവിശേഷ മിഷൻ മാസത്തിന്റെ ആപ്ത വാക്യം. ജനതകൾക്കായുള്ള സുവിശേഷദൗത്യത്തെക്കുറിച്ചുള്ള അവബോധം ഉണർത്തുകയും നവമായ ആവേശത്തോടെ സുവിശേഷം പ്രഘോഷിക്കാനുള്ള ഉത്തരവാദിത്വബോധം പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ പിന്നിലുള്ള ആശയം. ഇതാകട്ടെ ബെനഡിക്ട് പതിനഞ്ചാമൻ പാപ്പയുടെ അപ്പസ്തോലികലേഖനത്തിലെ ഇടയബോധ്യങ്ങളും ഫ്രാൻസിസ് പാപ്പയുടെ Evangelii Gaudium എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ പ്രകടമായ പ്രേഷിതചൈതന്യവും (സഭയുടെ എല്ലാ പ്രവർത്തനങ്ങളുടെയും അന്തസത്ത മിഷൻ പ്രവർത്തന മാണ് - EG 15 ) ഒത്തുചേരുന്നവയാണ്.



# ഫ്രാൻസിസ് പാപ്പയുടെ ലോക മിഷൻ ദിന സന്ദേശം 2019

## ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ; ലോകത്തിൽ മിഷൻ പ്രവർത്തനം നടത്തുന്ന ക്രിസ്തുവിന്റെ സഭ

പ്രിയ സഹോദരീ സഹോദരന്മാരേ,

ബെനഡിക്ട് പതിഞ്ചാമൻ മാർപ്പാപ്പ 1919 നവംബർ 30 ന് പുറപ്പെടുവിച്ച Maximum Illud എന്ന അപ്പസ്തോലികലേഖനത്തിന്റെ ശതാബ്ദി നാം ഇപ്പോൾ ആഘോഷിക്കുകയാണല്ലോ. ഇതുമായി ബന്ധപ്പെട്ട് സഭ തന്റെ പ്രേഷിതബോധ്യവും പ്രതിബദ്ധതയും പുനരുജ്ജീവിപ്പിക്കണമെന്നത് 2019 ഒക്ടോബർ മാസത്തേക്കുള്ള നിയോഗമായി ഞാൻ ആഹ്വാനം ചെയ്തിരുന്നു. ആ അപ്പസ്തോലിക ലേഖനത്തിന്റെ ദീർഘവീക്ഷണവും അതിലടങ്ങിയിരിക്കുന്ന പ്രവാചകസ്വരവും ഒരു വസ്തുത വീണ്ടും മനസിലേറ്റാൻ എന്നെ സഹായിച്ചു. സഭയുടെ പ്രേഷിതപ്രതിബദ്ധത നവീകരിക്കേണ്ടതിന്റേയും സഭയുടെ ശുശ്രൂഷകൾക്ക് നവമായ ഒരു സുവിശേഷവൽക്കരണ പ്രചോദനം ഉണ്ടാകേണ്ടതിന്റേയും പ്രാധാന്യമായിരുന്നു അത്. നമുക്കുവേണ്ടി കുരിശിൽ മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത യേശുക്രിസ്തുവിന്റെ രക്ഷ സുവിശേഷപ്രഘോഷണത്തിലൂടെ ലോകത്തിന് എത്തിച്ചു കൊടുക്കുവാനുള്ള ശുശ്രൂഷയാണല്ലോ സഭ നിറവേറ്റുന്നത്.



ഈ സന്ദേശത്തിന്റെ തലക്കെട്ടും ഒക്ടോബറിലെ മിഷൻ മാസ സന്ദേശത്തിന്റെ തലക്കെട്ടും ഒന്നുതന്നെയാണ്. 'ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ; ലോകത്തിൽ മിഷൻ പ്രവർത്തനം നടത്തുന്ന ക്രിസ്തുവിന്റെ സഭ'. ഈ മിഷൻ മാസാചരണം പ്രഥമമായി യേശുക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ പ്രേഷിതതലങ്ങൾ വീണ്ടും കണ്ടെത്താൻ നമ്മെ സഹായിക്കും. ജ്ഞാനസ്നാനത്തിൽ നമ്മുടെമേൽ ഔദാര്യപൂർവം ചൊരിയപ്പെട്ടതാണ് ഈ വിശ്വാസം. പുത്രരെന്ന നിലക്ക് ദൈവവുമായി നമുക്കുള്ള ബന്ധം തീർത്തും സ്വകാര്യമായ ഒന്നല്ല. അത് എല്ലായ്പ്പോഴും സഭയുമായും ബന്ധപ്പെട്ടിരിക്കുന്നു. നമ്മുടെ നിരവധിയായ സഹോദരീസഹോദരരോടൊപ്പം ഒരു പുതുജീവിതത്തിലേക്ക് നാം വീണ്ടും ജനിക്കുന്നത് പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവവുമായുള്ള കൂട്ടായ്മയിലൂടെയാണ്.

ഈ ദൈവികമായ ജീവിതം ഒരു വില്പനച്ചരക്കല്ല. നമ്മൾ ആരെയും മതപരിവർത്തനം ചെയ്യിക്കുന്നുമില്ല. നമ്മൾ സംസാരിക്കുന്നതും പ്രഘോഷിക്കുന്നതും ഒരു നിധിയെക്കുറിച്ചാണ്. നമ്മൾ കൊടുക്കുന്നതും ആ നിധിയാണ്. ഇതാണ് മിഷൻ പ്രവർത്തനത്തിന്റെ അർഥം. ദാനമായി നമുക്ക് കിട്ടി. ഒരാളെപ്പോലും മാറ്റിനിർത്താതെ ദാനമായിത്തന്നെ നാം അത് കൊടുക്കുകയും ചെയ്യുന്നു (മത്തായി 10:8). സത്യം അറിഞ്ഞുകൊണ്ടും സഭയുടെ ശുശ്രൂഷകളാകുന്ന സാർവത്രികരക്ഷണകൂദാശയിലൂടെ തന്റെ കരുണ അനുഭവിച്ചുകൊണ്ടും എല്ലാ മനുഷ്യരും രക്ഷ പ്രാപിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത് ( 1 തിമോ.2:4, Lumen Gentium 48 ).

സഭ ഈ ലോകത്തിൽ പ്രേഷിതദൗത്യത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ദൈവത്തിന്റെ കണ്ണുകളും ഹൃദയവും കൊണ്ടാണ് നമ്മൾ ലോകത്തെ ദർശിക്കുന്നത്. അതിനാൽ എല്ലാറ്റിനെയും അതാതിന്റെ യഥാർത്ഥ പരിപ്രേക്ഷ്യത്തിൽ കാണാൻ യേശുക്രിസ്തുവിലുള്ള വിശ്വാസം നമ്മെ പ്രാപ്തരാക്കുന്നു. നമ്മൾ പങ്കുചേരുന്ന ദൈവികജീവന്റെ അനന്തചക്രവാളങ്ങളിലേക്ക് പ്രത്യാശ നമ്മെ കൊണ്ടുചെന്നെത്തിക്കുന്നു. കൂദാശകളിൽ അനുഭവവേദ്യമാകുന്ന ദൈവികസ്നേഹവും അതോടൊപ്പം സഹോദരരോടുള്ള സ്നേഹവും ഭൂമിയുടെ അതിർത്തികളോളം കടന്നുചെല്ലാൻ നമ്മെ നിർബന്ധിതരാകുന്നു. (cf.മീക്കാ 5:4, മത്തായി 28:19, അപ്പ. പ്രവ. 1:8, റോമാ 10:18)

ലോകത്തിന്റെ വിദൂരദേശങ്ങളിലേക്ക് മുന്നേറിക്കൊണ്ടിരിക്കുന്ന സഭയ്ക്ക് നിരന്തരവും നിതാന്തവുമായ ഒരു 'പ്രേഷിതമാനസാന്തരം' ആവശ്യമാണ്. അതിന് വഴിതെളിക്കുന്ന അപരിമേയമായ ധൈര്യവും കരുണയിലുള്ള മുന്നേറ്റവും തികച്ചും സാധ്യമായ ഒന്നാണെന്നതിന് സാക്ഷികളാണ് അനേകം വിശുദ്ധരും വിശ്വാസത്തെ മുറുകെപ്പിടിച്ച എണ്ണിയാലൊടുങ്ങാത്ത സ്ത്രീപുരുഷന്മാരും. അവരുടെ പ്രവർത്തികളെയെല്ലാം പ്രചോദിപ്പിച്ചിരുന്നത് സ്നേഹമായിരുന്നു. ആ സ്നേഹത്തിന്റെ ആഴമായ അർത്ഥതലങ്ങളാണല്ലോ പങ്കുവയ്ക്കലും, പരിത്യാഗവും ഔദാര്യവും ഒക്കെ. (cf. 2 കോറി. 5:14-21) ദൈവത്തെ പ്രഘോഷിക്കുന്ന ഒരു മനുഷ്യൻ നിർബന്ധമായും ദൈവത്തിന്റെ മനുഷ്യൻ ആയിരിക്കണം ( cf. Maximum Illud).

പ്രേഷിതവേലയ്ക്കായി ഇറങ്ങിത്തിരിക്കാനു

ള്ള കല്പന നമ്മെ വ്യക്തിപരമായ രീതിയിൽ സ്പർശിക്കുന്നതാണ്.

ഞാൻ എപ്പോഴും ഒരു മിഷൻ ആണ്. നിങ്ങളും എപ്പോഴും ഒരു മിഷൻ ആണ്. മാമ്മോദീസ മുങ്ങിയ ഓരോ സ്ത്രീയും പുരുഷനും ഒരു മിഷൻ ആണ്. സ്നേഹത്തിലായിരിക്കുന്നവർ ഒരിക്കലും നിന്നിടത്തു തന്നെ നിൽക്കുകയില്ല. അവർ തങ്ങളിൽ നിന്ന് തന്നെ പുറത്തുകടക്കുന്നു. അവർ മറ്റുള്ളവരിലേക്ക് ആകർഷിക്കപ്പെടുകയും മറ്റുള്ളവർ അവരിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്യുന്നു. അവർ തങ്ങളെത്തന്നെ മറ്റുള്ളവർക്കായി നൽകുകയും അങ്ങനെ ജീവദായകമായ ബന്ധങ്ങൾ പടുത്തുയർത്തുകയും ചെയ്യുന്നു. ദൈവത്തിന്റെ സ്നേഹത്തെ ഭാഷയിൽ പറഞ്ഞാൽ ആരും ഉപയോഗശൂന്യരോ അപ്രസക്തരോ അല്ല. നാമോരോരുത്തരും ദൈവത്തിന്റെ സ്നേഹത്തിന്റെ ഫലമാണ്. അതുകൊണ്ടു നാമോരോരുത്തരും ലോകത്തിന്റെ മുൻപിൽ ഒരു മിഷൻ ആണ്. മാതാപിതാക്കളുടെ സ്നേഹം നുണകൾ കൊണ്ടോ വെറുപ്പുകൊണ്ടോ അവിശ്വസ്തത കൊണ്ടോ നഷ്ടപ്പെട്ടേക്കാമെങ്കിലും ദൈവം തന്റെ ദാനമായ ജീവൻ ഒരിക്കലും തിരിച്ചെടുക്കില്ല. തന്റെ ഓരോ മക്കളും അനന്തമായ തൻറെ ദൈവികജീവനിൽ പങ്കുപറ്റണമെന്നതാണ് അനാദി മുതലേ ദൈവം ആഗ്രഹിക്കുന്നത് ( cf. എഫേ . 1:3-6).

നമുക്ക് ഈ ജീവൻ പ്രദാനം ചെയ്യപ്പെടുന്നത് ജ്ഞാനസ്നാനവേളയിലാണ്. അത് പാപത്തെയും മരണത്തെയും കീഴടക്കിയ യേശുക്രിസ്തുവിലുള്ള വിശ്വാസം എന്ന ദാനം നമുക്ക് നൽകുന്നു. ജ്ഞാനസ്നാനം നമുക്ക് ദൈവത്തിന്റെ സ്വന്തം ഛായയിലും സാദൃശ്യത്തിലും വീണ്ടും ജന്മം നൽകി നമ്മെ ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളാക്കി മാറ്റുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ ശരീമെന്നാൽ അത് സഭ തന്നെയാണ്. ഈ അർത്ഥത്തിൽ ജ്ഞാനസ്നാനം ശരിക്കും ആവശ്യമാണ്. അതിന്റെ പരിപൂർണതയാണ് ദിവ്യകാരുണ്യത്തിൽ നാം ദർശിക്കുന്നത്. ജ്ഞാനസ്നാനപ്പെടുക എന്നത് മാനസാന്തരവും രക്ഷയും തേടുന്ന ഏത് മനുഷ്യന്റെയും വിളിയും നിയോഗവുമാണ്. എന്തെന്നാൽ ഓരോ വ്യക്തിയെയും തന്റെ പുത്രനിലൂടെ ദൈവത്തിന്റെ മകനും മകളും ആക്കിത്തീർക്കുമെന്നുള്ള ദൈവത്തിന്റെ വാഗ്ദാനം പൂർത്തിയാകുന്നത് ജ്ഞാനസ്നാനത്തിലാണ്. നമ്മൾ തീർച്ചയായും നമ്മുടെ സ്വാഭാവികമാതാപിതാക്കളുടെ മക്കളാണ്. എന്നാൽ ജ്ഞാനസ്നാനത്തിൽ നമുക്ക് യഥാർത്ഥമായ പിതൃത്വവും മാതൃത്വവും ലഭിക്കുന്നു. "സഭ മാതാവായി ഇല്ലാത്തവന് പിതാവായി ദൈവവും ഉണ്ടാകില്ല." (cf. വി.സിപ്രിയാൻ, De Cath, Eccl. 6).

അപ്പോൾ നമ്മുടെ ദൗത്യം ദൈവത്തിന്റെ



പിതൃത്വത്തിലും സഭയുടെ മാതൃത്വത്തിലും വേരുറപ്പിച്ചതാണെന്ന് വരുന്നു. ഈസ്റ്റർ ദിനത്തിൽ ഉത്ഥിതനായ യേശു നൽകിയ കൽപന ജ്ഞാനസ്നാനത്തിൽ അന്തർലീനമായിരിക്കുന്നു. "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു." പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ലോകത്തിന്റെ മാനസാന്തരം സാധ്യമാക്കുന്നതിനുവേണ്ടിയാണ് അത്. (cf. യോഹ.20:19-23, മത്തായി 28:16-20) ഈ ദൗത്യം ക്രിസ്ത്യാനികൾ എന്ന നിലയിലുള്ള നമ്മുടെ സ്വത്വത്തിന്റെ ഭാഗം തന്നെയാണ്. എല്ലാ മനുഷ്യരെയും ദൈവത്തിന്റെ ദത്തുപുത്രരാക്കുവാൻ സഹായിക്കുന്ന വ്യക്തിപരമായ ദൈവവിളിയെക്കുറിച്ച് അവരെ ബോധ്യപ്പെടുത്തുവാൻ നമ്മൾ കടപ്പെട്ടിരിക്കുന്നു. അതോടൊപ്പം അവരുടെ വ്യക്തിപരമായ അന്തസിനെയും ഗർഭധാരണനിമിഷം മുതൽ സ്വാഭാവികമരണം വരെയുള്ള ഓരോ മനുഷ്യജീവന്റെയും ആന്തരികമൂല്യത്തെയും മാനിക്കുവാനും നാം കടപ്പെട്ടിരിക്കുന്നു

ഇന്നത്തെ കാലത്ത് മതനിരപേക്ഷത വ്യാപകമായിക്കൊണ്ടിരിക്കുന്നു. അതിന്റെ ഫലമായി മനുഷ്യചരിത്രത്തിലെ ദൈവത്തിന്റെ സജീവമായ പിതൃത്വം എന്ന സത്യം സാംസ്കാരികതലത്തിൽ ആക്രമണോത്സുകമായ തരത്തിൽ നിരസിക്കപ്പെടുകയും ചെയ്യുന്നു. ഇത് ഓരോ മനുഷ്യന്റെയും ജീവന് പരസ്പരം നൽകുന്ന ആദരവിൽ പ്രകടമാകുന്ന യഥാർത്ഥ മാനവസാഹോദര്യത്തിന് വിലങ്ങുതടിയാണ്. യേശുക്രിസ്തുവിന്റെ ദൈവത്വത്തെ മാറ്റിനിർത്തുമ്പോൾ മനുഷ്യർ തമ്മിലുള്ള എല്ലാ വൈജാത്യങ്ങളും നാശകരമായ ഭീഷണികൾ മാത്രമായി രൂപം മാറുന്നു. അത്തരമൊരവസ്ഥയിൽ തനിമയാർന്ന സാഹോദര്യസ്വീകരണവും ഫലവത്തായ ഐക്യവും മനുഷ്യകുലത്തിന് അസാധ്യമാകുന്നു.

ദൈവം യേശുക്രിസ്തുവിലൂടെ നൽകിയ രക്ഷയുടെ സാർവത്രികസ്വഭാവം തന്നെയാണ് ബെനഡിക്ട് പതിനഞ്ചാമൻ പാപ്പയെ എല്ലാ തരത്തിലുമുള്ള ദേശീയവാദവും വംശീയവാദവും

## സവിശേഷ മിഷനറി മാസത്തിന്റെ ലോഗോ




അഞ്ചു ഭൂഖണ്ഡങ്ങളെ പ്രതിനിധീകരിക്കുന്ന തരത്തിൽ അഞ്ചു പ്രാഥമിക നിറങ്ങളിലുള്ള കുരിശാണ് ഈ അസാധാരണ പ്രേഷിതമാസത്തിന്റെ ലോഗോ. സാർവത്രികമായ നമ്മുടെ ദൗത്യത്തിൽ ദൈവവും മനുഷ്യനുമായുള്ള കൂട്ടായ്മയുടെ തെളിവാർന്ന അടയാളവും ഉപകരണവും ആണ് കുരിശ്. അതിന്റെ ചടുലവർണ്ണങ്ങൾ വിജയത്തിന്റെയും ഉയിർപ്പിന്റെയും പ്രതീകമാണ്. സുവിശേഷവത്ക്കരണത്തെ സംബന്ധിച്ചിടത്തോളം ലോകം തികച്ചും സുതാര്യമാണ്. കാരണം പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ് സുവിശേഷവൽക്കരണം. അതുകൊണ്ടുതന്നെ അതിന് അതിർവരമ്പുകളോ തടസങ്ങളോ ഇല്ല. ക്രിസ്തീയ സ്നേഹവും പരിശുദ്ധാത്മാവിൽ രൂപാന്തരപ്പെടുന്ന ലോകവും ഒന്നുചേർന്ന് ദൂരത്തെ കീഴടക്കുകയും നമ്മുടെ മനസുകളുടെയും ഹൃദയങ്ങളുടെയും ചക്രവാളങ്ങളെ തുറന്നുകൊടുക്കുകയും ചെയ്യുന്നു. കുരിശിനോട് ചേർന്ന്



അവസാനിപ്പിക്കപ്പെടേണ്ടതാണ് എന്ന അഭിപ്രായത്തിലെത്തിച്ചത്. കൊളോണിയൽ രാജ്യങ്ങളുടെ സൈനിക, സാമ്പത്തിക താൽപര്യങ്ങളും സുവിശേഷപ്രഘോഷണവും തമ്മിൽ കൂട്ടിക്കലർത്തുന്നത് അവസാനിപ്പിക്കണമെന്ന് ബെനഡിക്ട് പാപ്പാ പറഞ്ഞതും ഇതുകൊണ്ടു തന്നെയാണ്. തന്റെ അപ്പസ്തോലിക ലേഖനത്തിൽ അദ്ദേഹം പറയുന്നത്, സ്വന്തം രാജ്യത്തോടോ വംശത്തോടോ ഉള്ള അതിരുകടന്ന സ്നേഹം മാറ്റിവയ്ക്കണമെന്നാണ് സഭയുടെ സാർവത്രിക ദൗത്യം ആവശ്യപ്പെടുന്നതെന്നാണ്. സമൂഹത്തെയും സംസ്കാരത്തെയും യേശുക്രിസ്തുവിന്റെ രക്ഷണകർമത്തിന്റെ പുതുമയിലേക്ക് തുറവിയുള്ളവരാക്കണമെങ്കിൽ വംശീയമോ സഭാപരമോ ആയ എല്ലാ അനാവശ്യ അന്തർമുഖത്വവും വിട്ടുപേക്ഷിക്കണം. തങ്ങളുടെ നാടും വീടും ഭാഷയും രാജ്യവും പ്രാദേശികസഭയും വിട്ട് ക്രിസ്തുവിന്റെ കൂദാശകൾ കൊണ്ടും അവിടുത്തെ പരിശുദ്ധസഭയുടെ സാന്നിധ്യം കൊണ്ടും രൂപാന്തരപ്പെട്ടിട്ടില്ലാത്ത ദൂരദേശങ്ങളിലേക്ക് പോകാൻ തയ്യാറുള്ള സ്ത്രീപുരുഷന്മാരെ സഭയ്ക്ക് ഇന്നും ആവശ്യമുണ്ട്. അവർ തങ്ങളുടെ ജ്ഞാനസ്നാനത്തിൽ ഏല്പിക്കപ്പെട്ടതനുസരിച്ച് ഔദാര്യപൂർവം തങ്ങൾക്കുള്ളതെല്ലാം ഉപേക്ഷിച്ചു പുറപ്പെടുകയാണ് ചെയ്യുന്നത്. ദൈവ വചനം പ്രഘോഷിച്ചുകൊണ്ടും സുവിശേഷത്തിന് സാക്ഷ്യം വഹിച്ചുകൊണ്ടും ആത്മാവിലുള്ള ജീവിതം ആഘോഷിച്ചുകൊണ്ടും അവർ മറ്റുള്ളവരെ മാനസാന്തരത്തിലേക്കും അതുവഴി ജ്ഞാനസ്നാനത്തിലേക്കും ക്രിസ്തുവിന്റെ രക്ഷയിലേക്കും ക്ഷണിക്കുന്നു. ഈ പ്രക്രിയ മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ ബഹുമാനിച്ചുകൊ

മുദ്രണം ചെയ്തിരിക്കുന്ന വാക്കുകൾ (ജ്ഞാനസ്നാനം ചെയ്ത് അയക്കപ്പെട്ടവർ) ഓരോ ക്രിസ്ത്യാനിക്കും ഉണ്ടായിരിക്കേണ്ട രണ്ടു ഗുണങ്ങളെ സൂചിപ്പിക്കുന്നു. അവ ജ്ഞാനസ്നാനവും സുവിശേഷ പ്രഘോഷണവുമാണ്.

**സവിശേഷ മിഷനറി മാസത്തിന്റെ ലോഗോയിലെ വർണ്ണങ്ങൾ :**

ലോഗോയിലെ അഞ്ചു പ്രാഥമിക വർണ്ണങ്ങൾ അഞ്ചു ഭൂഖണ്ഡങ്ങളെ പ്രതിനിധീകരിക്കുന്നു. ചുവപ്പ് അമേരിക്കയെയും, പച്ച ആഫ്രിക്കയെയും, വെള്ള യൂറോപ്പിനെയും, മഞ്ഞ ഏഷ്യയെയും, നീല ഓഷ്യാനിയയെയും.

ചുവപ്പുനിറം ക്രിസ്തീയ വിശ്വാസത്തിലുള്ള പുതിയ ജീവിതത്തിന്റെ വിത്തുകളാകുന്ന അമേരിക്കൻ രക്തസാക്ഷികളുടെ ചുടുനിണത്തെയാണ് ഓർമ്മിപ്പിക്കുന്നത്. ജീവന്റെയും വളർച്ചയുടെയും ഫലദായകത്വത്തിന്റെയും യൗവനത്തിന്റെയും ഊർജസ്വലതയുടെയും നിറമാണ് പച്ച. ദൈവികപുണ്യങ്ങളിലൊന്നായ പ്രത്യാശയുടെ നിറവും പച്ച തന്നെ. വെള്ള ആനന്ദത്തിന്റെയും ക്രിസ്തുവിലുള്ള പുതുജീവിതത്തിന്റെയും പ്രതീകമാണ്. പഴയ യൂറോപ്പ് അഭിമുഖീകരിക്കുന്ന വെല്ലുവിളിയും ഇതുതന്നെയാണ്. നിരവധി ദൈവാലയങ്ങളും വിശുദ്ധരും ചേർന്ന് പടുത്തുയർത്തിയ ശക്തമായ സുവിശേഷവത്കരണ ചൈതന്യം തിരിച്ചുപിടിക്കാൻ യൂറോപ്പിനെ സഹായിക്കേണ്ടതും ഈ ഗുണങ്ങളാണ്. മഞ്ഞ പ്രകാശത്തിന്റെ നിറമാണ്. യഥാർത്ഥ പ്രകാശത്തെ ആവാഹിച്ചുകൊണ്ട് അത് സ്വയമേ പ്രകാശത്തിൽ അഭിവൃദ്ധിപ്പെടുന്നു. നമ്മുടെ ദാഹം ശമിപ്പിച്ച് നമ്മെ ദൈവോന്മുഖമായി വഴിനടത്തുന്ന ജീവജലത്തിന്റെ പ്രതീകമാണ് നീല. നമ്മോടു കൂടെയായിരിക്കുന്ന ദൈവത്തിന്റെ കൂടാരത്തിന്റെ, സ്വർഗ്ഗത്തിന്റെ നിറവും ആണ് നീല.

ണ്ടും തങ്ങൾ അയക്കപ്പെട്ടിരിക്കുന്ന ദേശങ്ങളിലെ ജനങ്ങളുടെ സംസ്കാരങ്ങളും മതങ്ങളുമായി സംവദിച്ചുകൊണ്ടും ആണ് നിറവേറ്റപ്പെടുന്നത്. ജനതകൾക്കായുള്ള സുവിശേഷവൽക്കരണ ദൗത്യം സഭയ്ക്ക് എല്ലായ്പ്പോഴും ആവശ്യമാണ്. അത് അടിസ്ഥാനപരമായ രീതിയിൽ എല്ലാ ക്രിസ്ത്യാനികളിലും നിരന്തരമായ ആന്തരിക പരിവർത്തനത്തിനും വഴിയൊരുക്കുന്നു. യേശുവിന്റെ ഉത്ഥാനത്തിലുള്ള വിശ്വാസം, ജ്ഞാനസ്നാനത്തിൽ ലഭിച്ച പ്രേഷിതദൗത്യം, ദൂരം കൊണ്ടും സംസ്കാരവൈജാത്യങ്ങൾ കൊണ്ടും തനിക്ക് സ്വന്തമായുള്ളവയോടൊക്കെ രൂപപ്പെടുന്ന വിരക്തി, പാപത്തിൽ നിന്നുമുള്ള രക്ഷ, സാമൂഹ്യവും വ്യക്തിപരവുമായ തിന്മകളിൽ നിന്നുള്ള മോചനം ഇവയെല്ലാം വേണ്ടത് ലോകത്തിന്റെ അതിർത്തികൾ വരെ ചെന്നെത്തുന്ന പ്രേഷിതദൗത്യങ്ങളാണ്.

ഈ ശതാബ്ദി വർഷം ആമസോണിലെ സഭകൾക്കായുള്ള പ്രത്യേക സിനഡിന്റെ സമയവുമായി ഒത്തുവന്നത് ദൈവഹിതപ്രകാരമാണ്. പരിശുദ്ധാത്മാവിന്റെ ദാനങ്ങളാൽ യേശു നമുക്കായി ഏല്പിച്ചുതന്നിരിക്കുന്ന ദൗത്യം ആ ദേശങ്ങൾക്കും അവിടുത്തെ ജനങ്ങൾക്കും എപ്രകാരമാണ് ഈ സന്ദർഭത്തിൽ ആവശ്യമായിരിക്കുന്നതെന്ന് വ്യക്തമാക്കാനും ഇത് സഹായിക്കുന്നു.ഒരു പുതിയ പന്തക്കുസ്ത സഭയുടെ വാതിലുകൾ മലർക്കെ തുറന്നിടുകയാണ്. ഇതുവഴിയായി സാർവത്രികമായ വിശ്വാസക്കൂട്ടായ്മയിൽ നിന്ന് ഒരു ജനവിഭാഗവും അകറ്റി നിർത്തപ്പെടുന്നില്ല എന്നും ഒരു സംസ്കാരവും തങ്ങളെത്തന്നെ അടഞ്ഞ വാതിലുകൾക്കുള്ളിൽ സൂക്ഷിക്കുന്നില്ല എന്നും ഉറപ്പുവരുത്തുന്നു. ആരും തങ്ങളിലേക്ക് തന്നെ ഒതുങ്ങിക്കൂടുകയോ തങ്ങളുടെ അഭിപ്രായങ്ങൾക്കപ്പുറത്തേക്ക് പോകാൻ മടികാണിക്കുകയോ ചെയ്യരുത്. ഓരോ മനുഷ്യരും ഉത്ഥിതനായ കർത്താവിന്റെ സത്യത്തിലേക്ക് എത്തുന്ന ആഴമായ പരിവർത്തനം ആയിരിക്കണം നമ്മുടെ ലക്ഷ്യം. ഉത്ഥാനം ചെയ്ത കർത്താവാണ് എല്ലാവർക്കും യഥാർത്ഥമായ ജീവൻ നൽകുന്നത്.

2007-ൽ ബ്രസീലിലെ അപാരേസിഡായിൽ ലാറ്റിൻ അമേരിക്കൻ മെത്രാന്മാരുടെ സമ്മേള

## സവിശേഷ മിഷനറി മാസം ജീവിക്കേണ്ടതെങ്ങനെ?

സവിശേഷ മിഷനറി മാസത്തിലേക്കുള്ള ഒരുക്കങ്ങളുടെ പാതയിൽ കൂടുതൽ തീക്ഷ്ണമായി മുന്നേറാൻ പാപ്പാ നിർദേശിക്കുന്ന നാല് തലങ്ങളുണ്ട്.

1. സഭയിൽ സജീവനായി സന്നിഹിതനായിരിക്കുന്ന യേശുക്രിസ്തുവുമായുള്ള വ്യക്തിപരമായ കണ്ടുമുട്ടൽ: ഇത് ദിവ്യകാരുണ്യത്തിലൂടെയും ദൈവവചനത്തിലൂടെയും, വ്യക്തിപരവും ഒന്നുചേർന്നുള്ളതുമായ പ്രാർത്ഥനയിലൂടെയും ആണ് സാധിതമാകുന്നത്.
2. സാക്ഷ്യം: വിശുദ്ധരായ സുവിശേഷശുശ്രൂഷകരും രക്തസാക്ഷികളും വിശ്വാസം ഏറ്റുപറയാൻ ധൈര്യം കാണിച്ചവരും വഴി ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന സഭയുടെ പ്രവർത്തനചിത്രമാണിത്.
3. പ്രേഷിതരൂപവൽക്കരണം: ബൈബിൾ, മതബോധനം, ആത്മീയത, ദൈവശാസ്ത്രം എന്നിങ്ങനെ എല്ലാ മേഖലകളും സ്പർശിക്കുന്ന ഒന്നായിരിക്കണം ഇത്.
4. പ്രേഷിതത്വത്തിന്റെ ഭാഗമായ പരസ്നേഹം.

**വിശ്വാസപ്രചാരണത്തിനായുള്ള തിരുസംഘം** (Propaganda Fide)

സുവിശേഷത്ക്കരണത്തിനും സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾക്കും ദിശാബോധവും ഊന്നലും കൊടുക്കുക എന്ന ലക്ഷ്യത്തോടെ ഗ്രിഗറി പതിനഞ്ചാമൻ പാപ്പാ 1622-ൽ വിശ്വാസപ്രചാരണത്തിനായുള്ള തിരുസംഘം (Propaganda Fide) സ്ഥാപിച്ചു. 1967-ൽ പോൾ ആറാമൻ



നത്തെ അഭിസംബോധന ചെയ്തുകൊണ്ട് ബെനഡിക്ട് പതിനാറാമൻ പാപ്പാ പറഞ്ഞ വാക്കുകൾ ഞാൻ ഇവിടെ ഓർത്തെടുക്കുകയാണ്. ഞാൻ ആ വാക്കുകൾ എന്റെ സ്വന്തമാക്കി ആവർത്തിക്കുകയും ചെയ്യുന്നു. "എന്നാൽ ലാറ്റിൻ അമേരിക്കയിലും കരീബിയനിലും ക്രിസ്തീയവിശ്വാസം സ്വീകരിക്കപ്പെട്ടു എന്നതിന്റെ അർത്ഥമെന്താണ്? അവരുടെ സമ്പന്നമായ മത പാരമ്പര്യങ്ങളിൽ അന്വേഷിച്ചിട്ടും അവരുടെ പൂർവികർക്ക് കണ്ടെത്താൻ കഴിയാതെ പോയ അജ്ഞാതനായ ദൈവത്തെ, ക്രിസ്തുവിനെ അറിയാനും സ്വീകരിക്കാനും സാധിച്ചു എന്നതാണത്. അവർ നിശബ്ദമായി ആഗ്രഹിച്ചുകൊണ്ടിരുന്ന രക്ഷകനാണ് ക്രിസ്തു. ജ്ഞാനസ്നാനജലത്തിലൂടെ തങ്ങളെ ദൈവത്തിന്റെ ദത്തുപുത്രരാക്കിയ ദൈവികജീവനും അവർക്ക് ലഭിച്ചു. തങ്ങളെ ശുദ്ധീകരിക്കുകയും തങ്ങളുടെ സംസ്കാരങ്ങളെ ഫലവത്താക്കുകയും അവതാരം ചെയ്ത വചനം അവരിൽ വിതച്ച അനേ

പാപ്പാ ഈ അപ്പസ്തോലിക ശുശ്രൂഷയുടെ പ്രസക്തി ആവർത്തിച്ചുറപ്പിച്ചുകൊണ്ട് അതിനെ ജനതകളുടെ സുവിശേഷവത്കരണത്തിനായുള്ള തിരുസംഘം (Congregation for the Evangelisation of Peoples) എന്ന് പുനർനാമകരണം ചെയ്യുകയും ചെയ്തു. സർവജനങ്ങളുടെയും ഇടയനായ പരിശുദ്ധപിതാവിന്റെ സുവിശേഷദൗത്യത്തിൽ പിന്തുണയ്ക്കേണ്ട ഉത്തരവാദിത്വം ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാ വ്യക്തികൾക്കും ഉണ്ട്. സജീവമായ പരസ്നേഹത്തിലൂടെ പ്രകടിപ്പിക്കപ്പെടുന്ന ക്രിസ്തീയവിശ്വാസത്തിൻറെ യഥാർത്ഥ തനിമയിലൂടെയാണ് ഇത് സാധിതമാകുന്നത്.

## പൊന്തിഫിക്കൽ പ്രേഷിതസംഘടനകൾ

പ്രേഷിതദൈവവിളിയിലൂടെയും പരിത്യാഗപ്രവൃത്തികളിലൂടെയും പ്രാർത്ഥനയിലൂടെയും സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിൽ പൊന്തിഫിക്കൽ പ്രേഷിതസംഘടനകൾ പ്രതിജ്ഞാബദ്ധരാണ്. കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളിലെ വൈദികരുടെയും അത്മായരുടെയും പ്രേഷിതദൗത്യത്തെക്കുറിച്ചുള്ള ആഴമായ ചിന്തകളിൽ നിന്നാണ് ഈ സംഘടനകൾ രൂപമെടുത്തത്. പ്രേഷിത സത്യസന്ധതയും ബോധവൽക്കരണവും ഉത്തരവാദിത്വബോധവും വീണ്ടും സഭാംഗങ്ങളുടെ നിത്യജീവിതത്തിന്റെ ഭാഗമാകേണ്ടിയിരിക്കുന്നു. അതിനുവേണ്ട വ്യക്തികളെയും സംവിധാനങ്ങളെയും രൂപപ്പെടുത്തിയെടുക്കാനാവശ്യമായ ഭൗതികസഹായങ്ങൾ എത്തിച്ചുകൊടുക്കുക എന്ന കടമയ്ക്ക് കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ടാണ് ജനതകളുടെ സുവിശേഷവത്കരണത്തിനായുള്ള തിരുസംഘവും പൊന്തിഫിക്കൽ പ്രേഷിത സംഘടനകളും ഒന്നുചേർന്ന് ശ്രമിക്കുന്നത്.

കം വിത്തുകൾ മുളപൊട്ടി വളരാൻ സഹായിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവിനെയും അവർ സ്വീകരിച്ചു. ഇതുവഴിയായി ആത്മാവ് അവരെ സുവിശേഷത്തിന്റെ പാതയിലൂടെ വഴിനടത്തുകയും ചെയ്തു. യേശുക്രിസ്തുവിൽ മാംസം ധരിച്ച ദൈവത്തിന്റെ വചനം അതോടൊപ്പം തന്നെ ഇതിഹാസവും സംസ്കാരവും ആയി മാറി. ക്രിസ്തുവിൽ നിന്നും സാർവത്രികസഭയിൽ നിന്നും അടർത്തിമാറ്റിക്കൊണ്ട് കൊളമ്പസിനു മുൻപുള്ള മതങ്ങൾക്ക് ജീവൻ കൊടുക്കുക എന്ന ഉട്ടോപ്യൻ ആശയത്തിലേയ്ക്ക് തിരിച്ചുപോകുന്നത് ഒരിക്കലും മുന്നോട്ടുള്ള ഒരു കാൽവയ്പ്പല്ല. മറിച്ച് അത് പുറകോട്ടുള്ള ഒരു കാൽവയ്പ്പായിരിക്കും. സത്യത്തിൽ ഭൂതകാലത്തിൽ നങ്കൂരമിട്ട ചരിത്രത്തിന്റെ ഒരു പ്രത്യേക ഘട്ടത്തിലേക്കുള്ള തിരിച്ചുപോക്കായിരിക്കും അത്." (2007 മേയ് 13 ന്റെ ഉദ്ഘാടന സമ്മേളനത്തിലെ പ്രസംഗത്തിൽ നിന്ന്.)

സഭയുടെ പ്രേഷിത ദൗത്യം നാം നമ്മുടെ അമ്മയായ മറിയത്തെ ഭരമേൽപ്പിക്കുന്നു. മനുഷ്യാവതാരത്തിന്റെ ആദ്യനിമിഷം മുതൽ തന്നെ പരിശുദ്ധകന്യക തന്റെ പുത്രനുമായുള്ള ഐക്യത്തിൽ തന്റെ തീർത്ഥാടനം തുടങ്ങിയിരുന്നു. കുരിശിനു ചുവട്ടിൽ വച്ച് തന്റേതു കൂടിയായിത്തീർന്ന യേശുവിന്റെ ആ ദൗത്യത്തിൽ അവൾ പൂർണ്ണമായും മുഴുകിയിരുന്നു. രക്ഷാകരദൗത്യത്തിൽ സഹകരിച്ചുകൊണ്ട്, സഭയുടെ അമ്മയെന്ന നിലയിൽ ദൈവത്തിനായി പരിശുദ്ധാത്മാവിലും വിശ്വാസത്തിലും പുതിയ പുത്രന്മാർക്കും പുത്രിമാർക്കും ജന്മം നൽകുക എന്ന ദൗത്യം !

പ്രേഷിതവേലയ്ക്ക് സഹായിക്കുന്നതിനായി Maximum Illud-ൽ വിഭാവനം ചെയ്യപ്പെട്ട പൊന്തിഫിക്കൽ പ്രേഷിതസംഘങ്ങളെക്കുറിച്ച് കൂടി ഏതാനും വാക്കുകൾ പറഞ്ഞുകൊണ്ട് ഞാൻ ഉപസംഹരിക്കുകയാണ്.

## 2019 ഒക്ടോബർ സവിശേഷ മിഷനറി മാസത്തിനു വേണ്ടി ഫ്രാൻസിസ് പാപ്പ നൽകിയ പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, അങ്ങയുടെ ഏകജാതനായ ഈശോമിശിഹായുടെ മരണവും ഉയിർപ്പും ഞങ്ങൾ ഏറ്റു പറയുന്നു. “നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ” (മർക്കോ.16:15) എന്ന് അങ്ങയുടെ പ്രിയപുത്രൻ ഞങ്ങളോട് കല്പിച്ചത് നന്ദിയോടുകൂടെ ഞങ്ങളോർക്കുന്നു. മാമ്മോദീസായിലൂടെ സഭയുടെ പ്രേഷിത ദൗത്യത്തിൽ ഞങ്ങളെയും പങ്കുകാരാക്കിയതിനെ ഓർത്ത് ഞങ്ങൾ അങ്ങയെ മഹത്വപ്പെടുത്തുന്നു. ധൈര്യത്തോടും തീക്ഷ്ണതയോടും കൂടെ സുവിശേഷത്തിന് സാക്ഷ്യംവഹിക്കാൻ ഞങ്ങളെ ഉപകരണങ്ങളാക്കണമേ. അങ്ങ് സഭയെ ഭരമേല്പിച്ച പ്രേഷിത ദൗത്യം പൂർത്തീകരിക്കാൻ പരിശുദ്ധാത്മാവിന്റെ വരദാനങ്ങളാൽ ഞങ്ങളെ ശക്തിപ്പെടുത്തണമേ. അപ്രകാരം, ഞങ്ങളെ ലോകത്തിന് ജീവനും വെളിച്ചവും ആക്കിത്തീർക്കണമേ. ഈശോയുടെ കരുണയും രക്ഷാകര സ്നേഹവും അനുഭവിക്കാൻ ഞങ്ങളെയും ലോകമെങ്ങുമുള്ള എല്ലാ ജനതകളെയും അനുഗ്രഹിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും, ആമ്മേൻ.

1.സ്വർഗ്ഗ., 1. നന്മ., 1. ത്രിത്വ.

പൊന്തിഫിക്കൽ പ്രേഷിതസംഘങ്ങൾ ഒരു ആഗോള നെറ്റ് വർക്കായി സഭയുടെ സാർവ ത്രികതയ്ക്ക് പിന്തുണയേകുന്നു. മാർപ്പാപ്പയുടെ പ്രേഷിത പ്രതിബദ്ധതയ്ക്ക് പ്രേഷിതവേലയുടെ ആത്മാവു തന്നെയായ പ്രാർത്ഥന കൊണ്ടും ലോകമെങ്ങുമുള്ള ക്രിസ്ത്യാനികളുടെ സ്നേഹ പൂർവമായ സംഭാവനകൾ കൊണ്ടും അവർ സഹായിക്കുന്നു. അവരുടെ സംഭാവനകൾ മാർ പ്പാപ്പയെ സുവിശേഷവൽക്കരണയത്നങ്ങളിൽ സഹായിക്കുന്നു. അത് പ്രത്യേക സഭകളിലൂടെ യും /കൂട്ടായ്മകളിലൂടെയും ( വിശ്വാസപ്രചാരണ ത്തിനായുള്ള പൊന്തിഫിക്കൽ സൊസൈറ്റി) പ്രാദേശിക പൗരോഹിത്യസഭകളുടെ രൂപവൽ ക്കരണത്തിലൂടെയും (അപ്പസ്തോലനായ വിശുദ്ധ പത്രോസിന്റെ നാമത്തിലുള്ള പൊന്തിഫിക്കൽ സൊസൈറ്റി)കുഞ്ഞുങ്ങളിൽ പ്രേഷിതാവബോ ധം വളർത്തുന്നതിലൂടെയും (പ്രേഷിതബാല്യ ത്തിനായുള്ള പൊന്തിഫിക്കൽ സൊസൈറ്റി)

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രേഷിതമാന ങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും ( പൊ ന്തിഫിക്കൽ മിഷനറി യൂണിയൻ) ആണ് നിറ വേറ്റപ്പെടുന്നത്. ഈ സംഘങ്ങൾക്കുള്ള എന്റെ പിന്തുണ നവീകരിക്കുന്നതോടൊപ്പം തന്നെ 2019 ഒക്ടോബറിലെ ഈ സവിശേഷ മിഷൻ മാസം എന്റെ ശുശ്രൂഷകൾക്കുള്ള അവരുടെ പ്രേഷിതസേവനത്തിന്റെ നവീകര ണത്തിന് കാരണമാകും എന്ന് പ്രത്യാശിക്കുക യും ചെയ്യുന്നു.

മിഷൻ ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ സ്ത്രീപുരുഷന്മാർക്കും, തങ്ങളുടെ ജ്ഞാ-നസ്നാനം വഴിയായി ഏതെങ്കിലും വിധത്തിൽ സഭയുടെ പ്രേഷിതദൗത്യത്തിൽ പങ്കാളികളാ കുന്ന എല്ലാവർക്കും ഞാൻ എന്റെ ഹൃദയപൂർവ്വ മായ ആശിർവാദം നൽകുന്നു.

(വത്തിക്കാനിൽ നിന്ന് 2019 ജൂൺ 9 ന് ,
പന്തക്കുസ്താതിരുനാൾ ദിവസം പുറപ്പെടുവിച്ചത്.)





## മാർ റാഫേൽ തട്ടിൽ

ചെയർമാൻ,
(സുവിശേഷവത്ക്കരണത്തിനും പ്രവാസികളുടെ അജപാലന ശുശ്രൂഷക്കുമായുള്ള സീറോ മലബാർ സഭയുടെ കമ്മീഷൻ.)

# സഭ മൃതമാകാതിരിക്കാൻ, മിഷൻ വളരണം

സവിശേഷ മിഷനറി മാസമായി 2019 ഒക്ടോബർ മാസം പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. ഇതിനോടനുബന്ധിച്ച് പരിശുദ്ധ പിതാവ് എഴുതിയ കത്തിലെ അവസാനഭാഗത്ത് ഇപ്രകാരം പറയുന്നു. “അയയ്ക്കപ്പെടുന്നില്ലെങ്കിൽ സഭ തനിയെ നശിക്കും; ദൗത്യമില്ലാത്ത സഭ നിലനിൽക്കുകയുമില്ല” (A Church, if not sent, will naturally end; a Church without a mission will not exist.)

ഈ സവിശേഷമിഷൻ മാസം മാർപ്പാപ്പ പ്രഖ്യാപിക്കാൻ കാരണമുണ്ട്. 1919 ഒക്ടോബർ 20-ാം തിയതി ബെനഡിക്ട് പതിനഞ്ചാമൻ മാർപ്പാപ്പ ഒരു അപ്പസ്തോലിക ലേഖനം എഴുതി. അതിന്റെ പേരാണ് മാക്സിമും ഇല്ലൂദ് (Maximum illud). ഈ പ്രയോഗത്തിന്റെ അർത്ഥം “the momentous beginning” - മഹത്വപൂർണ്ണമായ സമാരംഭം - എന്നാണ്. മഹത്വപൂർണ്ണമായ സമാരംഭം എന്നതുകൊണ്ട് മാർപാപ്പ ഉദ്ദേശിക്കുന്നത്, പന്തക്കുസ്തായിലെ സഭയുടെ സമാരംഭമാണ്. ക്രിസ്തുവിന്റെ മരണശേഷം യഹൂദരെ ഭയന്ന് സെഹിയോൻ മാളികയിൽ കതകടച്ച് ഒളിച്ചിരുന്ന ശിഷ്യന്മാർ പന്തക്കുസ്തയ്ക്കുശേഷം കതകു തുറന്ന് പുറത്തുവന്ന് ധൈര്യപൂർവം വചനം പ്രസംഗിച്ചതിനെ ആണ് മാർപ്പാപ്പ ഉദ്ദേശിച്ചത്. ഇതൊരു 'മൊമന്റസ് മൊമന്റ്' ആയിരുന്നു. പന്തക്കുസ്തയുടെ ഏറ്റവും വലിയ അനുഗ്രഹം അടച്ച വാതിലുകൾ തുറന്ന് പുറത്തുവന്ന ശിഷ്യന്മാർ ആദ്യമായി മിഷനറിമാരായതാണ്. അതിനു ശേഷം പത്രോസ് വിളിച്ചു പറഞ്ഞു.– “നിങ്ങൾ കുരിശിൽ തറച്ചു കൊന്ന നസ്രായനായ ഈശോയെ ദൈവം ഉയിർപ്പിച്ചു” (അപ്പ.പ്രവ.2:14-36). “അവന്റെ വചനം ശ്രവിച്ചവർ സ്നാനം സ്വീകരിച്ചു. ആ ദിവസം തന്നെ മൂവായിരത്തോളം ആളുകൾ അവരോടു ചേർന്നു. വിശ്വസിച്ചവർ എല്ലാവരും ഒരു സമൂഹമാവുകയും ചെയ്തു” (അപ്പ.പ്രവ.2:41-44). അങ്ങനെ, സഭയുടെ സമാരംഭമായി.

ആദിമസഭയുടെ മിഷനറി പ്രവർത്തനത്തിന്റെ പ്രോജ്ജ്വലമായ മറ്റൊരു തുടക്കമായിരുന്നു പൗലോസിന്റെ മാനസാന്തരം. യാഥാസ്ഥിതിക യഹൂദമതത്തിന്റെ ചുറ്റുവട്ടത്തിൽനിന്ന് വിജാതീയ ലോകത്തിലേക്ക് സുവിശേഷവത്ക്കരണത്തിന്റെ കതക് തുറക്കപ്പെട്ടത് അപ്പോഴാണ്.

സഭയ്ക്ക് മദ്ധ്യശതകങ്ങളിൽ മിഷൻ പ്രവർത്തനത്തിൽ പാളിച്ചകൾ സംഭവിച്ചു. അതായത്, രാജാക്കന്മാർ മിഷൻ പ്രവർത്തനം ദത്തെടുത്തുവഴി അതിന്റെ ഉൾക്കാഴ്ച്ചകളിൽ രണ്ട് അപഃഭ്രംശങ്ങൾ സംഭവിച്ചു കോളനിവത്കരണവും വാണിജ്യവത്കര

> "... മിഷൻ താല്പര്യം ഞങ്ങളുടെ സഭയ്ക്ക് നഷ്ടപ്പെട്ടപ്പോൾ അത് സഭയ്ക്ക് ക്യാൻസറായി മാറി. ഇന്ന് പള്ളിയിൽ ആളില്ല, അധികവും വിവാഹമോചിതരാണ്. യുവജനങ്ങൾ പള്ളിയിൽ വരുന്നില്ല. വൈദീകരും കന്യാസ്ത്രീകളും ആരുമില്ല. ഞങ്ങളുടെ സഭ നാശത്തിന്റെ വക്കിലാണ്."
> വൈദികർ മനസ്സ് തുറന്ന് എന്നോട് പങ്കുവെച്ചു.



ണവും (colonization and commercialization). ഈ രണ്ടു താല്പര്യങ്ങളും മിഷൻ പ്രവർത്തനത്തെ അതിന്റെ പന്തക്കുസ്താനുഭവത്തിൽ നിന്നും എടുത്തു മാറ്റി. സഭയുടെ മിഷൻ പ്രവർത്തനം കോളനിവത്കരണത്തിലേയ്ക്ക് തരംതാഴ്ത്തപ്പെട്ടു. രാജാക്കന്മാർ രാജ്യാതിർത്തികൾ വിസ്തൃതമാക്കുന്നതിന്റെ ഭാഗമായി സഭയുടെ പ്രേഷിത പ്രവർത്തനത്തിൽ പങ്കുചേർന്നു. അതോടൊപ്പം, രാജ്യത്തിന്റെ കച്ചവടതാത്പര്യത്തിനും മിഷൻ പ്രവർത്തനത്തെ ഉപാധിയാക്കി. ഈ രണ്ട് അപഃഭ്രംശങ്ങളെയാണ് ബെനഡിക്ട് പതിനഞ്ചാമൻ മാർപാപ്പ 'മാക്സിമും ഇല്ലൂദ്' എന്ന തന്റെ അപ്പസ്തോലിക ലേഖനത്തിലൂടെ തിരുത്തിയത്. പ്രേഷിതപ്രവർത്തനം രാഷ്ട്രീയ രാജ്യവ്യാപനത്തിന്റെ ഭാഗമായും കച്ചവട താത്പര്യത്തിനുവേണ്ടിയും നടത്തുന്നതിനെ വിമർശിക്കുകയും നിരോധിക്കുകയും ചെയ്തു. ഇതിന്റെ പശ്ചാത്തലത്തിലാണ് ബെനഡിക്ട് പതിനഞ്ചാമൻ മാർപാപ്പ പറഞ്ഞത്, "മിഷനറിമാർ രാജാവിന്റെ സ്ഥാനപതികൾ അല്ല, മറിച്ച്, അവർ ക്രിസ്തുവിന്റെയും ദൈവരാജ്യത്തിന്റെയും സ്ഥാനപതികൾ ആണ്."

'മാക്സിമും ഇല്ലൂദ്' എന്ന ഈ അപ്പസ്തോലിക ലേഖനത്തിലെ മിഷനറി പ്രവർത്തനത്തെക്കുറിച്ചുള്ള കാഴ്ച്ചപ്പാടുകളാണ് രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രേഷിതപ്രവർത്തനത്തെക്കുറിച്ചുള്ള പ്രമാണരേഖയുടെ അടിസ്ഥാന ദർശനമായത്. മാമ്മോദീസായിലൂടെ ഓരോ ക്രിസ്തുശിഷ്യനും സഭയുടെ പ്രേഷിതദൗത്യത്തിൽ മൗലികമായി പങ്കാളിയാവുന്നു. പ്രേഷിതപ്രവർത്തനം ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം അസ്തിത്വാത്മകമായ ദൈവവിളിയാണ്, ഒഴിച്ചുകൂടാനാകാത്ത ചുമതലയുമാണ്. ഈ കാഴ്ചപ്പാട് കൂടുതൽ ക്രിയാത്മകമാക്കാനും സജീവമാക്കാനും സവിശേഷ മിഷൻ മാസത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ ആഗ്രഹിക്കുന്നു, അതിന് സഭാതനയരെ ആഹ്വാനം ചെയ്യുന്നു. അതിന്റെ ഭാഗമായാണ് മാർപാപ്പ സവിശേഷ മിഷൻ മാസത്തിന്റെ മുദ്രാവാക്യമായി "ജ്ഞാനസ്നാനപ്പെട്ട് അയക്കപ്പെട്ടവർ" (Baptized and Sent) എന്നത് സ്വീകരിച്ചത്.

കേരളസഭയുടെ മിഷൻ തീക്ഷ്ണത കേരളസഭയുടെ ഗുണമേന്മയുടെ അടയാളമായിരുന്നു. ഏറ്റവും നല്ല ദൈവിളികളെയും വ്യക്തികളെയും മിഷനറിമാരായി ഇന്ത്യയുടെ നാനാഭാഗങ്ങളിലേക്കും അയയ്ക്കാൻ കേരളസഭ കാണിച്ച തീക്ഷ്ണതയിൽ കേരളസഭയുടെ വിശ്വാസസാക്ഷ്യത്തിന്റെ നന്മയും തനിമയുമുണ്ടായിരുന്നു. ഈ മിഷനറി തീക്ഷ്ണത കുറയുന്നത് സഭയുടെ

തളർച്ചയുടെയും തകർച്ചയുടെയും രോഗലക്ഷണ മാണ്.

കേരളസഭയുടെ വൈദിക പരിശീലന രംഗ ത്ത് വളരെ വലിയ സംഭാവനകൾ നൽകിയ ഒരു സെമിനാരിയാണ് മംഗലപ്പുഴ കാർമ്മൽഗിരി സെമിനാരികൾ. ഇത് പടുത്തുയർത്തിയത് സ്പെ യിനിലെ നവാറയിലെ കർമ്മലീത്ത സന്യാസി കളാണ് (OCD). ഈയടുത്തകാലത്ത് നവാറ സന്ദർശിക്കാൻ എനിക്ക് ഇടയായി. അവിടെ കണ്ടുമുട്ടിയ OCD വൈദികർ അവരുടെ മനസ്സ് തുറന്ന് എന്നോട് പങ്കുവെച്ചു: "പണ്ട് എല്ലാവരും മിഷനിലേക്കാണ് പോയിരുന്നത്. ഞങ്ങളുടെ സഭയുടെ ആദ്യത്തെ പ്രശ്നമാരംഭിച്ചത് ആർക്കും മിഷനിലേക്കു പോകാൻ ഇഷ്ടമില്ലാതായപ്പോഴാ ണ്. അപ്പോൾ ഞങ്ങൾ വിചാരിച്ചത് മിഷ നിലേക്കു പോയില്ലെങ്കിലും ഇവിടെ ശ്രദ്ധി ക്കാമെന്നായിരുന്നു. പക്ഷേ അത് ഞങ്ങളുടെ ക്യാൻസറിന്റെ ആദ്യസ്റ്റേജ് ആയിരുന്നു. മിഷൻ താല്പര്യം ഞങ്ങളുടെ സഭയ്ക്ക് നഷ്ടപ്പെട്ടപ്പോൾ അത് ഞങ്ങളുടെ സഭയ്ക്ക് ക്യാൻസറായി മാറി. ഇന്ന് ഞങ്ങളുടെ സഭ ക്യാൻസറിന്റെ നാലാമ ത്തെ ഘട്ടത്തിലാണ്. അതുകൊണ്ട് ഇന്ന് പ ള്ളിയിൽ ആളില്ല, അധികവും വിവാഹമോചി തരാണ്. യുവജനങ്ങൾ പള്ളിയിൽ വരുന്നില്ല. വൈദികരും കന്യാസ്ത്രീകളും ആരുമില്ല. ഞ ങ്ങളുടെ സഭ നാശത്തിന്റെ വക്കിലാണ്."

ഈ അനുഭവ പങ്കുവയ്പ്പ് കേരളസഭയ്ക്ക് ഒരു ഉണർത്തുപാട്ടാകണം. തീക്ഷ്ണത കുറയുന്നത് രോഗലക്ഷണത്തിന്റെ ആരംഭമാണ്. ശ്രദ്ധി ച്ചില്ലെങ്കിൽ ഈ രോഗം സഭയെ മുഴുവൻ ഗ്രസിക്കുന്ന ക്യാൻസറായി മാറും. പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്ത അസാധാരണ പ്രേഷിതമാസത്തിന്റെ ആചരണം നമ്മുടെ സഭ യ്ക്ക് ആത്മശോധനയ്ക്കും സ്വയം നവീകരണ ത്തിനും നവസമർപ്പണത്തിനും കാരണമാകട്ടെ.

**യേശുവിൽ പ്രിയ സഹോദരങ്ങളെ,**

കെനിയ, എത്യോപ്യ എന്നീ രാജ്യങ്ങളിലും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലുമായി അമ്പതോളം മധ്യസ്ഥപ്രാർത്ഥനാ കേന്ദ്രങ്ങ ളുള്ള ഒരു വലിയ കൂട്ടായ്മയായി ഫിയാത്ത് മിഷനെ കർത്താവു വളർത്തിയിരിക്കുന്നു. 22 ഭാഷകളിലായി ലക്ഷക്കണക്കിന് ബൈബിൾ നമ്മൾ ഇതിനോടകം നിർമ്മിച്ച് വിതരണം ചെയ്തു കഴിഞ്ഞു. വിവിധ ഭാഷകളി ലുള്ള ബൈബിളുകളുടെ നിർമ്മാണം പുരോഗ മിച്ചു കൊണ്ടിരിക്കുന്നു. 350ഓളം ശുശ്രൂഷകർ ഇപ്പോൾ ഫിയാത്ത് മിഷനുമായി ബന്ധപ്പെട്ട് മുഴുവൻ സമയ ശുശ്രൂഷ ചെയ്യുന്നു. പ്രാർത്ഥനാ സെന്ററുകളുടെ വാടക, ശുശ്രൂഷകരുടെ അലവൻസ്, ഭക്ഷണം, യാത്രാച്ചെലവ് തുടങ്ങി മറ്റനേകം കാര്യങ്ങൾക്കുള്ള സമ്പത്ത് ശുശ്രൂഷ യുടെ നടത്തിപ്പിനായി നാം കണ്ടെത്തേണ്ടതാ യിട്ടുണ്ട്. ദൈവമക്കളുടെ നിർലോഭമായ സഹ കരണം മാത്രമാണ് ഫിയാത്ത് മിഷന്റെ സാമ്പത്തിക സ്രോതസ്സ് എന്ന് ഏവർക്കും അറിയാമല്ലോ. 2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിനുശേഷം നവംബർ മാസം വരെ നമുക്ക് സാമ്പത്തിക സഹായങ്ങൾ വളരെ വിരളമായി മാത്രമേ ലഭിച്ചുള്ളൂ. പ്രളയ ത്തിൽ അകപ്പെട്ട് തകർന്നടിഞ്ഞ ജീവിതങ്ങൾ പുതുക്കിപ്പണിയുക എന്നത് പ്രാധാന്യമുള്ളതാ യതിനാൽ നമ്മുടെ ശുശ്രൂഷയ്ക്കായി ദശാംശം ചോദിക്കുന്നത് ശരിയല്ലെന്നു കരുതി നാം നിശബ്ദരായി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. സാമ്പത്തിക മേഖലയിൽ ഏറെ പ്രതിസന്ധി നേരിടുകയും ചെയ്തു. നവംബർ മുതലാണ് വീണ്ടും ചെറിയൊരു ചലനം സാമ്പത്തിക മേഖലയിൽ ഉണ്ടായത്. കാര്യങ്ങൾ പതിയെ ശരിയായി വരുമ്പോഴേക്കും ഇതാ വീണ്ടും മറ്റൊരു പ്രളയം. ഇനി നവംബർ വരെ നമ്മെ സഹായിക്കാൻ തയ്യാറുള്ളവർ അധികം പേരും നിസ്സഹായരായിരിക്കും. എങ്കിലും ചെങ്കടലി ലൂടെ വഴിയൊരുക്കുന്ന കർത്താവിൽ ആണ ല്ലോ നമ്മുടെ പ്രത്യാശ. ഫിയാത്ത് ശുശ്രൂഷ കൾ എല്ലാം കർത്താവിൻറെ കല്പനപ്രകാരം ആണെന്നതിനാൽ അവിടുന്ന് തന്നെ മുന്നോട്ടു നയിക്കും. ഫിയാത്ത് മിഷനെ സാമ്പത്തികമാ യി സഹായിക്കാൻ പരിശുദ്ധാത്മാവ് പ്രേരണ നൽകുന്നുവെങ്കിൽ ഇനി വൈകരുതേ. ഏവരേയും കർത്താവ് അനുഗ്രഹിക്കട്ടെ.

Fiat Mission, South Indian Bank,
East fort, Thrissur 680 005,
0368 0730 0000 0759 Current A/C,
Swift: SOININ 55, IFSC : SIBL0000368

Fiat Mission

## സവിശേഷ മിഷനറി മാസം.. ഫിയാത്ത് മിഷൻ ശുശ്രൂഷകൾ...

### 1. മിഷൻ ധ്യാനങ്ങൾ

2019 ഒക്ടോബർ 20 മുതൽ 24 വരെ പ്രത്യേക മിഷൻ ഒരുക്ക ധ്യാനം

സ്ഥലം : ഫിയാത്ത് റിട്രീറ്റ് സെന്റർ, മരുതോങ്കര, കുറ്റ്യാടി

### 2. മിഷൻ യുവജന ധ്യാനങ്ങൾ

സവിശേഷ മിഷനറി മാസം പ്രമാണിച്ച് യുവജനങ്ങളിൽ ഒരു മിഷൻ അഗ്നി കൊളുത്താനായി സംഘടിപ്പിക്കുന്ന യുവജന ധ്യാനം ഒക്ടോബർ 27 മുതൽ 30 വരെ.

സ്ഥലം : അങ്കമാലി (ബന്ധപ്പെടേണ്ട നമ്പർ: 8893553035)

### 3. മിഷൻ മദ്ധ്യസ്ഥ പ്രാർത്ഥനകൾ

രണ്ട് രാജ്യങ്ങളിലെ അമ്പതോളം ഫിയാത്ത് മിഷൻ മധ്യസ്ഥപ്രാർത്ഥനാകേന്ദ്രങ്ങളിൽ നിന്ന് പ്രാർത്ഥനകൾ ഉയർന്നുകൊണ്ടിരിക്കുന്നു. ഈ സവിശേഷ മിഷനറി മാസം പ്രമാണിച്ച് ഏതാനും നാൾ നിങ്ങൾക്കും മിഷൻ പ്രദേശങ്ങളിൽ പോയി മധ്യസ്ഥപ്രാർത്ഥനകളിൽ പങ്കുചേരാവുന്നതാണ്.

### 4. മിഷൻ അഖണ്ഡജപമാല

സവിശേഷ മിഷനറി മാസം ഒരു മിഷൻ ഉണർവിന് തുടക്കമാവണം. അതിനായി ഈ മാസാചരണം ആയിരമായിരം ജപമാലപ്പൂക്കളാൽ പൊതിഞ്ഞ് പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിലൂടെ ഈശോയ്ക്ക് സമർപ്പിക്കാം. ഈ മാസം മുഴുവൻ ഇടമുറിയാതെ 24 മണിക്കൂറും ജപമാല ചൊല്ലിക്കാഴ്ചവയ്ക്കാം. ഏവർക്കും സ്വാഗതം. പങ്കുചേരാനാഗ്രഹിക്കുന്നവർ ഫിയാത്ത്മിഷനുമായി ബന്ധപ്പെടുക.

### 5. മിഷൻ എക്സിബിഷൻ

ജനങ്ങളിൽ യഥാർത്ഥമിഷൻ അവബോധം സൃഷ്ടിക്കുന്നതിന് സഹായിക്കുന്ന എക്സിബിഷൻ ഫിയാത്ത് മിഷൻ ഒരുക്കുന്നു. നിങ്ങളുടെ ഇടവകയിലോ, കൂട്ടായ്മകളിലോ ഇത് പ്രദർശിപ്പിക്കാനാഗ്രഹിക്കുന്നവർ ഫിയാത്ത് മിഷനുമായി ബന്ധപ്പെടുക. നിങ്ങൾക്കാവശ്യമായ രീതിയിൽ പ്രിന്റ് എടുത്ത് പ്രദർശിപ്പിക്കുന്നതിനായി ഇതിന്റെ പിഡിഎഫ് ഫയൽ സൗജന്യമായി നൽകുന്നതാണ്.

### 6. മിഷൻ ഔട്ട്റീച്ച്

മിഷനെ കാണാനും അറിയാനും അനുഭവിക്കാനും ഈ മാസത്തിൽ അവസരം. നിങ്ങൾക്ക് സന്ദർശിക്കാനാഗ്രഹമുള്ള മിഷൻ സംസ്ഥാനം തെരഞ്ഞെടുത്ത് സ്വന്തം ഉത്തരവാദിത്വത്തിൽ ആ സംസ്ഥാനത്തിലെത്തിച്ചേരുക. അവിടെ നിന്ന് നിങ്ങളെ മിഷൻ കേന്ദ്രങ്ങളിലെത്തിക്കുകയും നിങ്ങൾക്കുള്ള ഭക്ഷണവും താമസവും ഉൾപ്പെടെ ക്രമീകരിച്ച് നിങ്ങളുടെ സന്ദർശനദിനങ്ങൾ പൂർത്തിയാകുമ്പോൾ തിരിച്ച് റയിൽവേ സ്റ്റേഷനിലെത്തിക്കുകയും ചെയ്യുന്നതുവരെയുള്ള കാര്യങ്ങൾ ഫിയാത്ത് മിഷൻ സൗജന്യമായി നിർവഹിക്കുന്നതാണ്. മിഷൻ സംസ്ഥാനങ്ങൾ തെരഞ്ഞെടുക്കാനും മറ്റുവിവരങ്ങൾ ലഭ്യമാക്കാനും ഫിയാത്ത് മിഷന്റെ സഹായം ലഭ്യമാണ്.

### 7. ഷോർട്ട് വീഡിയോസ്

ഒക്ടോബർ 1-31 വരെ എല്ലാ ദിവസവും മിഷന്റെ പ്രാധാന്യം മനസ്സിലാക്കാനുപകരിക്കുന്ന തരത്തിൽ, സന്ദേശങ്ങളും അനുഭവങ്ങളും പ്രാർത്ഥനകളും മറ്റും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഷോർട്ട് വീഡിയോസ്; വാട്സാപ്പ്, യുട്യൂബ്, ഫെയ്സ്ബുക്ക് തുടങ്ങിയ നവമാധ്യമങ്ങളിലൂടെ എളുപ്പത്തിൽ ഷെയർ ചെയ്യാവുന്ന തരത്തിൽ, സഭയുടെ അഭ്യർത്ഥമാനിച്ച് ഫിയാത്ത് മിഷൻ തയ്യാറാക്കുന്നു. ഈ വീഡിയോകൾ സൗജന്യമായി കാണുവാനും ഡൗൺലോഡ് ചെയ്യുവാനും സന്ദർശിക്കുക. youtube /fiat mission/EMM oct 2019



# ഒരുമിച്ചൊരുങ്ങാം; മിഷൻ മാസത്തിനായ്

"തീർത്ഥാടക സഭ മിഷണറിയാണ്; കാരണം, പിതാവായ ദൈവത്തിന്റെ പദ്ധതി പ്രകാരമുള്ള പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും പ്രേഷിതത്വത്തിൽനിന്നാണ് സഭയുടെ ഉത്ഭവം." (Ad Gentes, n. 2) സഭ പ്രേഷിതയായതിനാലും പ്രേഷിതപ്രവർത്തനം സഭയുടെ മൗലികമായ സ്വഭാവവും അവകാശവുമായതിനാലും, "രക്ഷയുടെ ദൈവികസന്ദേശം എല്ലാക്കാലങ്ങളിലും ലോകത്തെമ്പാടുമുള്ള സകലജനങ്ങളിലേക്കും എത്തിക്കാൻ ക്രൈസ്തവ വിശ്വാസികളായ നമുക്കെല്ലാവർക്കും അവകാശവും കടമയുമുണ്ട്" (CCEO c. 14).

സുവിശേഷ പ്രഘോഷണ ദൗത്യത്തിന് പുത്തൻ പ്രചോദനം നല്കാൻ ബെനഡിക്ട് പതിനഞ്ചാമൻ മാർപാപ്പ എഴുതിയ മാക്സിമും ഇല്ലൂദ് (Maximum illud) എന്ന അപ്പസ്തോലിക ലേഖനത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച്, സാർവത്രിക സഭയിൽ പ്രേഷിതചൈതന്യം പ്രോജ്ജ്വലമാക്കുന്നതിനായി 2019 ഒക്ടോബർ സവിശേഷ മിഷനറി മാസമായി ആചരിക്കാൻ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്തിരിക്കുകയാണല്ലോ. മാർത്തോമാ ശ്ലീഹായുടെ പ്രേഷിത പ്രവർത്തനത്താൽ ജന്മംകൊണ്ട സീറോ മലബാർ സഭയിലും ഇത് സമുചിതമായി ആചരിക്കാൻ സഭയുടെ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ വച്ച് 2019 ആഗസ്റ്റ് മാസം നടന്ന മെത്രാന്മാരുടെ സിനഡ് തീരുമാനിക്കുകയും, അതിന് മാർഗ്ഗനിർദേശങ്ങൾ നല്കാൻ സുവിശേഷവൽക്കരണത്തിനും പ്രവാസികളുടെ അജപാലന ശുശ്രൂഷയ്ക്കും വേണ്ടിയുള്ള സഭയുടെ മേജർ ആർക്കിഎപ്പിസ്കോപ്പൽ കമ്മീഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ കമ്മീഷനും സീറോ മലബാർ മിഷനും സംയുക്തമായി നടത്തിയ ആലോചനകളുടെ വെളിച്ചത്തിൽ എല്ലാ ഇടവകകളിലും സമർപ്പിത സമൂഹങ്ങളിലും കുടുംബങ്ങളിലും പ്രാവർത്തികമാക്കുന്നതിനായി താഴെപ്പറയുന്ന കർമ്മപരിപാടികൾ നിർദ്ദേശിക്കുകയുണ്ടായി.



**ഫാ. സെബാസ്റ്റ്യൻ മുട്ടംതൊട്ടിൽ** MCBS,
സെക്രട്ടറി
(സുവിശേഷവൽക്കരണത്തിനും പ്രവാസികളുടെ അജപാലന ശുശ്രൂഷയ്ക്കും വേണ്ടിയുള്ള സീറോ മലബാർ സഭയുടെ മേജർ ആർക്കിഎപ്പിസ്കോപ്പൽ കമ്മീഷൻ)

1. ഒക്ടോബർ മാസം മുഴുവൻ എല്ലാ കുടുംബങ്ങളിലും സമർപ്പിത സമൂഹങ്ങളിലും ഇടവകകളിലും മാർപ്പാപ്പ നിർദ്ദേശിച്ചിരിക്കുന്ന പ്രാർത്ഥന ചൊല്ലുക. ഈ പ്രാർത്ഥനയുടെ മലയാള പരിഭാഷ കമ്മീഷന്റെ വെബ്സൈറ്റിലും രൂപതകളുടെയും സമർപ്പിത സമൂഹങ്ങളുടെയും വെബ്സൈറ്റുകളിലും ലഭ്യമാക്കുന്നതാണ്. ചെറുപുഷ്പ മിഷൻ ലീഗിന്റെ സഹായം ഇതിന് ലഭ്യമാണ്.
2. ഒക്ടോബർ മാസത്തിലെ എല്ലാ ദിവസങ്ങളിലും മൂന്ന് മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ സമൂഹ മാധ്യമങ്ങളിലും വെബ്സൈറ്റുകളിലും ഫിയാത്ത് മിഷന്റെ സഹകരണത്തോടെ ലഭ്യമാക്കുന്നതാണ്.
3. ജനതകളുടെ സുവിശേഷവൽക്കരണത്തിനുവേണ്ടിയുള്ള വത്തിക്കാൻ കാര്യാലയം നിർദ്ദേശിച്ചിരിക്കുന്ന വിശുദ്ധ ഗ്രന്ഥ വായനകൾ അടിസ്ഥാനമാക്കി ഒക്ടോബർ മാസത്തിലെ എല്ലാ ദിവസങ്ങളിലും വചനവ്യാഖ്യാനവും അനുബന്ധവിചിന്തനങ്ങളും ദിവ്യകാരുണ്യ മിഷനറി സഭയുടെ (MCBS) ലൈഫ്ഡേ (lifeday.in) എന്ന ഓൺലൈൻ മാധ്യമത്തിന്റെ സഹായത്തോടെ ലഭ്യമാക്കുന്നതാണ്.
4. ജപമാല മാസമായി ആചരിക്കുന്ന ഒക്ടോബറിൽ, ദൈവാലയങ്ങളിലെ ഒരു ദിവസത്തെ പരിശുദ്ധ കുർബാനയും ആരാധനയും ജപമാലയും മിഷനുവേണ്ടി സമർപ്പിക്കുക.
5. രൂപതകളും സമർപ്പിത സമൂഹങ്ങളും അല്മായ പ്രേഷിതരും നടത്തുന്ന ധ്യാനകേന്ദ്രങ്ങളിൽ മിഷനെക്കുറിച്ചുള്ള അവബോധം നൽകുന്ന ഒരു മിഷൻ ധ്യാനമെങ്കിലും സംഘടിപ്പിക്കുക. ഫിയാത്ത് മിഷന്റെയും ക്രിസ്റ്റീൻ ടീമിന്റെയും സഹകരണവും സഹായവും ഇക്കാര്യത്തിന് ലഭ്യമാണ്. ഇതിന് സാധിക്കുന്നില്ലെങ്കിൽ, സാധാരണ നടത്തപ്പെടുന്ന ധ്യാനങ്ങളിൽ ഒരു പ്രഭാഷണം എങ്കിലും മിഷനെക്കുറിച്ചുള്ളതാക്കുക.
6. മിഷൻ ഞായർ കൂടുതൽ തീക്ഷ്ണതയോടെ ആഘോഷിക്കുക. ആ ദിവസമോ, അല്ലെങ്കിൽ ഒക്ടോബർ മാസത്തിലെ മറ്റേതെങ്കിലും ഞായറാഴ്ചയോ, ഒരു മിഷനറി വൈദികന്റെ അനുഭവം ജനങ്ങളുമായി പങ്കുവയ്ക്കാനുള്ള അവസരമൊരുക്കുക.
7. ഒക്ടോബർ മാസത്തിലെ അവസാന ഞായറാഴ്ചയോ, ജപമാല സമാപനത്തോട് അനുബന്ധിച്ചോ ഒരു മിഷൻ റാലി സംഘടിപ്പിക്കുക.
8. എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഏതെങ്കിലും ഒരു ദിവസം മിഷൻ എക്സിബിഷൻ സംഘടിപ്പിക്കുക. അതിനുവേണ്ടിയുള്ള സഹായവും പോസ്റ്ററുകളും രൂപതാ കേന്ദ്രങ്ങളിലും സമർപ്പിത സമൂഹങ്ങളുടെ കേന്ദ്രഭവനങ്ങളിലും വെബ്സൈറ്റുകളിലും ഫിയാത്ത് മിഷന്റെ സഹകരണത്തോടെ ലഭ്യമാക്കുന്നതാണ്.
9. ഒക്ടോബർ മാസത്തെയോ നവംബർ മാസത്തെയോ കുടുംബക്കൂട്ടായ്മകളിലെ വിചിന്തന വിഷയം മിഷനെക്കുറിച്ചുള്ളതാക്കുക. ഇതിന് സഹായകരമായ ലഘുലേഖ സീറോ മലബാർ സഭയുടെ പ്രേഷിത മുന്നണിയായ MST സമൂഹത്തിന്റെ സഹായത്തോടെ ലഭ്യമാക്കുന്നതാണ്
10. ഇടവകതലത്തിലും രൂപതാതലത്തിലും സമർപ്പിത സമൂഹതലത്തിലും മിഷൻ കോൺഫറൻസുകൾ സംഘടിപ്പിക്കുക. സഭയുടെ കേന്ദ്രകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ വച്ച് എല്ലാ രൂപതകളിൽ നിന്നും സമർപ്പിത സമൂഹങ്ങളിൽ നിന്നും ഉള്ള പ്രതിനിധികൾക്കായി നവംബർ മാസത്തിൽ ഒരു മിഷൻ കോൺഫറൻസ് സംഘടിപ്പിക്കുന്നതാണ്.

പ്രേഷിതപ്രവർത്തനം സഭയുടെ മൗലികമായ സ്വഭാവവും അവകാശവുമാകയാൽ, ക്രൈസ്തവ വിശ്വാസികളായ നമുക്കെല്ലാവർക്കും സുവിശേഷം ലോകത്തിന്റെ അതിർത്തികൾ വരെ എത്തിക്കുന്നതിനായി പ്രവർത്തിക്കാൻ അവകാശവും കടമയുമുണ്ട് എന്ന അവബോധത്തോടെ ഈ സവിശേഷ മിഷനറി മാസാചരണം ഫലപ്രദമാക്കാൻ നമുക്കൊന്നു ചേർന്ന് പരിശുദ്ധ പിതാവിനോടൊപ്പം യത്നിക്കാം. മിഷൻ ചൈതന്യം സഭയിൽ ഉജ്ജ്വലിക്കാനും മിഷനറിമാരുടെ പ്രവർത്തനങ്ങൾക്ക് കരുത്തുപകരാനും വേണ്ടി നമുക്കൊന്നു ചേർന്ന് പ്രാർത്ഥിക്കാം.

# ചെയ്യാനേറെയുള്ള സവിശേഷ മാസം

**പ**നമ്പുകൊണ്ട് നാല് ഭാഗവും മറച്ച് തകര ഷീറ്റു കൊണ്ടു മേഞ്ഞ ആ കുടിലിലെ, അല്ല ആ ഗ്രാമീണ ദൈവാലയത്തിലെ ചെറിയമേശയാകുന്ന ബലിപീഠത്തിൽ വച്ചിരുന്ന ക്രൂശിത രൂപത്തിലേയ്ക്ക് നോക്കി ഞാനിരുന്നു. എത്ര തിരക്കുകൾക്കിടയിലും ഇപ്പോഴും നടത്തുന്ന മിഷൻ യാത്രകളിൽ ഏതാനും മാസം മുമ്പ് പൂർത്തിയാക്കിയ, വടക്കു കിഴക്കേ ഇന്ത്യൻ യാത്രയിലെ ഒരു ദിവസത്തെ അനുഭവത്തെക്കുറിച്ചാണ് പറഞ്ഞുവരുന്നത്. യഥേഷ്ടം കാറ്റും വെളിച്ചവും മഴയും ഏൽക്കാവുന്ന തരത്തിൽ വിടവുകളുള്ള പനമ്പുമറയ്ക്കപ്പുറത്തുനിന്ന് സൂര്യവെളിച്ചം, ഇരുട്ട് നിറഞ്ഞ ആ ദൈവാലയത്തിലിരുന്ന എന്റെ മുഖത്തും ക്രൂശിതരൂപത്തിലും മാറി മാറി പതിച്ചുകൊണ്ടിരുന്നു. ആ വേളയിൽ കർത്താവിന് എന്തൊക്കെയോ സംസാരിക്കാനുണ്ടെന്ന് തോന്നി.

"ദൈവമേ, ഒരു താരതമ്യത്തിന് സാധ്യതയില്ലാത്ത തരത്തിൽ, ഭൂരിഭാഗം സ്ഥലങ്ങളിലും മിഷൻ പ്രദേശങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ ഇപ്പോഴും ശോചനീയമായ വിധത്തിൽ തുടരുന്നതെന്തേ?” ഞാൻ ഹൃദയത്തിൽ ചോദിച്ചു. "രണ്ടുടുപ്പുള്ളവൻ ഒന്ന് ഇല്ലാത്തവന് കൊടുക്കട്ടെ എന്ന് ഞാൻ പറഞ്ഞതോർമ്മയില്ലേ?” ഈശോ മന്ത്രിക്കുന്നു: “രണ്ടല്ല, രണ്ടായിരം ഉടുപ്പുകളുണ്ടായിട്ടും അത് പങ്കുവെയ്ക്കാൻ തയ്യാറാകാതിരുന്നാൽ മറ്റൊരിടത്ത് നിന്റെ സഹോദരൻ നഗ്നനായിത്തന്നെ കഴിയും.” അവിടുന്ന് തുടരുകയാണ്: “രാജ്യത്തിന്റെ മറ്റൊരു കോണിൽ ഇപ്പോഴും ഇത്തരത്തിൽ അനേക ദൈവാലയങ്ങളുണ്ടെന്ന് അറിയാതിരുന്നാൽ, അല്ലെങ്കിൽ അറിയാത്തതുപോലെ ജീവിച്ചാൽ എന്റെ ശരീരമാകുന്ന സഭ ഒന്നുപോലെ വളരില്ല.”

ആസ്സാമിലെ ഒരു ഗ്രാമീണ ദൈവാലയത്തിൽ ലേഖകൻ



ഈശോ പറഞ്ഞ പോലെ സഭാഗാത്രത്തെ വളർത്താനുള്ള ഏതൊരു പരിശ്രമവും അതായത് മിഷൻ പ്രവർത്തനങ്ങൾ അവിടുത്തേയ്ക്ക് പ്രീതികരമാണ്. ഇതിനായി ഫിയാത്ത് മിഷൻ അനുഭവിക്കുന്ന സഹനങ്ങൾക്ക് ഈ ക്രൂശിതന്റെ മുമ്പിൽ അർത്ഥമുണ്ട്. യോഗ്യതയേതുമില്ലെങ്കിലും സഭയുടെ വളർച്ചയ്ക്കായി പ്രവർത്തിക്കാൻ സ്വയം താഴ്ന്നുകൊടുക്കുന്നതിനും വിലയുണ്ട്. മേൽക്കുമേൽ കെട്ടിപ്പൊക്കുന്ന അത്യാഡംബരപൂർവ്വമായ ദൈവാലയങ്ങളും അത്യാവശ്യ സൗകര്യങ്ങളില്ലാത്ത ഗ്രാമീണ ദൈവാലയങ്ങളും തമ്മിൽ സന്തുലിതമാക്കാൻ ചെയ്യുന്ന ഓരോ ശുശ്രൂഷയ്ക്കും ഈ സന്നിധിയിൽ അർത്ഥമുണ്ട്.

ഗ്രാമീണ ദൈവാലയങ്ങളെക്കുറിച്ചുള്ള ഹൃദയഭാരം കർത്താവ് ഫിയാത്ത് മിഷന് നൽകുകയും അതിനായി പ്രാർത്ഥിക്കാനാരംഭിക്കുകയും ചെയ്തപ്പോൾ അനേകരിലൂടെ കർത്താവ് പ്രവർത്തിക്കാൻ തുടങ്ങി. ഇതിനോടകം 82 ചെറിയ ഗ്രാമീണ ദൈവാലയങ്ങളാണ് ഫിയാത്ത് മിഷനിലൂടെ കർത്താവ് പണിതു നൽകിയത്.

പ്രിയരേ, പള്ളിയെന്ന പേരിൽ ഒരു കുടിലെങ്കിലും തങ്ങളുടെ ഗ്രാമത്തിലുണ്ടായിരുന്നെങ്കിലെന്ന് സ്വപ്നം കാണുന്ന അനേകർ നമ്മുടെ ഈ രാജ്യത്തുണ്ടെന്ന വേദനിപ്പിക്കുന്ന സത്യം നമ്മിൽ എത്രപേർക്കറിയാം. തങ്ങളുടെ ആകുലത നിറഞ്ഞ പ്രാർത്ഥനാവേളകളിൽ നെടുവീർപ്പോടെ നോക്കി പ്രാർത്ഥിക്കാൻ, കുരുന്നുകൾക്ക് ഉമ്മ കൊടുക്കാൻ ഒരു ഫോട്ടോ പോലുമില്ലാത്ത എത്രയോ ഭവനങ്ങളും, ദൈവാലയങ്ങൾ പോലും മിഷനിലുണ്ടെന്ന് നിങ്ങൾക്കറിയാമോ?

നിങ്ങളുടെ ദൈവാലയങ്ങളിൽ അത്യാവശ്യമില്ലാത്ത, ശുശ്രൂഷക്കുപകരിക്കുന്ന എന്തും മിഷൻ പ്രദേശങ്ങളിലേയ്ക്ക് നൽകാവുന്നതാണ്. കാസ, പീലാസ തുടങ്ങിയ വിശുദ്ധ വസ്തുക്കൾ, ജപമാലകൾ, ചിത്രങ്ങൾ അങ്ങനെ നമുക്ക് വ്യക്തിപരമായോ, കൂട്ടായ്മയായോ, ചെയ്യാവുന്ന പങ്കുവെയ്ക്കലുകൾ മിഷൻ പ്രദേശങ്ങളിലേക്കെത്തിക്കാൻ നാം പരിശ്രമിക്കണം. ഇക്കാര്യത്തിൽ ആവശ്യമെങ്കിൽ ഫിയാത്ത് മിഷനും നിങ്ങളെ സഹായിക്കാം. ആഫ്രിക്കയിലും വടക്കു കിഴക്കേ ഇന്ത്യയിലും ശുശ്രൂഷ ചെയ്യുന്ന മിഷനറി വൈദികർ ഫിയാത്ത് മിഷൻ സന്ദർശിക്കാറുണ്ട്. നിങ്ങൾ മിഷനിൽ എത്തിക്കുവാൻ ആഗ്രഹിക്കുന്നതെന്തും മിഷണറിമാർക്ക് നൽകുന്നതാണ്.

എന്നാൽ ഗ്രാമീണ ദൈവാലയ നിർമ്മിതിക്കാവശ്യമായ തുക ഒരു കാരണവശാലും നേരിട്ട് ഫിയാത്ത് മിഷനിലേയ്ക്ക് അയക്കരുത്. സമ്പത്ത് പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നവെങ്കിൽ ഫിയാത്ത് മിഷനുമായി ബന്ധപ്പെടുക. ഗ്രാമീണ ദൈവാലയം നിർമ്മിച്ച് നൽകാമോ എന്ന് ചോദിച്ച് വിവിധ ഇടങ്ങളിലെ ബിഷപ്പുമാർ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ നമ്മുടെ പക്കലെത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഇതിനായി തയ്യാറുള്ളവർ മുന്നോട്ടു വരുന്ന മുറയ്ക്ക് ബിഷപ്പുമാരുമായി നിങ്ങളെ നേരിട്ട് ബന്ധപ്പെടുത്തുന്നതാണ്. സംഭാവനകൾ നിങ്ങൾ നേരിട്ട് പിതാവിനാണ് നൽകേണ്ടത്. ഇതു ഒറ്റയ്ക്കോ കൂട്ടായോ ചെയ്യാൻ ആത്മാവ് നിങ്ങൾക്ക് പ്രേരണ നൽകുന്നുവെങ്കിൽ, ഒട്ടും താമസിക്കരുത്. സാത്താൻ തടസ്സങ്ങളും മറ്റു ന്യായവാദങ്ങളും നിരത്തുന്നതിനു മുമ്പ് പ്രവർത്തിക്കുക. പരിശുദ്ധാത്മാവിന്റെ നിർദ്ദേശങ്ങൾക്ക് മാത്രം ചെവികൊടുക്കുക. (ഗ്രാമീണ ദൈവാലയ നിർമ്മിതിക്കായി ബന്ധപ്പെടേണ്ട നമ്പർ **8606963035** കോർഡിനേറ്റർ 'ബിൽഡ് എ ചർച്ച്')

നേരത്തെ അസ്തമയമെത്തുന്ന വടക്കു കിഴക്കൻ ഇന്ത്യയിലെ, ഇരുട്ടുവീണ ആ ഗ്രാമീണ ദൈവാലയത്തിൽ നിന്ന് പുറത്തുകടക്കുമ്പോൾ എനിക്കുറപ്പായിരുന്നു, ഇവരുടെ പ്രഭാതവും നേരത്തേയാണ്. നമ്മുടെ ധാരണകളെ വിസ്മയിപ്പിച്ചുകൊണ്ട് ഇവിടെ പുലരി വരും. ഉദയസൂര്യന്റെ സുവർണശോഭ പരക്കും. ആ വെളിച്ചത്തിനു വാതിൽ തുറന്നുകൊടുക്കാൻ അവരെ വെളിച്ചത്തിലേയ്ക്കു വിളിച്ചുണർത്താൻ കടപ്പെട്ടവരാണു നാം. അതു നാം ചെയ്തേ മതിയാവൂ. ഈ സവിശേഷ മിഷനറി മാസം അതിനൊരു തുടക്കമാകട്ടെ.



# കാത്തിരിക്കുന്ന കർത്താവിനായി

**കു**റച്ച് വർഷങ്ങൾക്ക് മുമ്പ്, ഈസ്റ്റർ ആഘോഷങ്ങളുടെ ഭാഗമായി മധ്യപ്രദേശിലുള്ള നരസിംഗ്പൂരിലെ ഉസ്രി എന്ന ഗ്രാമത്തിലുള്ള  നാനൂറോളം പേർക്ക് ഞങ്ങൾ ഭക്ഷണം നൽകി. ഭക്ഷണത്തിന് മുമ്പായി യേശുക്രിസ്തുവിന്റെ ജീവിതവും മരണവും പുനരുത്ഥാനവും വിശദീകരിക്കുന്ന ഒരു സന്ദേശം ഞങ്ങൾ അവർക്ക് നൽകി. സന്ദേശത്തിനുശേഷം ഗ്രാമവാസികളിൽ ചിലർ എന്നോട് പറഞ്ഞു, "ഫാദർജി യേശു ക്രൂശിൽ മരിച്ചുവെന്ന് ഞങ്ങൾക്കറിയാമായിരുന്നു. എന്നാൽ മൂന്നാം ദിവസം അവൻ ഉയിർത്തെഴുന്നേറ്റതായി ഞങ്ങൾക്കറിയില്ല." നാം ക്രിസ്ത്യാനികളാണെന്ന് ഉത്തരേന്ത്യയിലെ പലർക്കും അറിയാം, എന്നാൽ അതിനപ്പുറം ഒന്നുമറിയില്ല. കാരണം, യേശുവിനെക്കുറിച്ചും എല്ലാവരോടുള്ള അവന്റെ സ്നേഹത്തെക്കുറിച്ചും നാം അവരോട് വളരെ അപൂർവമായി മാത്രമേ പറയൂ.

കഴിഞ്ഞ ആഴ്ച ഭോപ്പാലിലെ ഒരു സ്കൂളിൽ ഞങ്ങളുടെ വൈദികരിൽ ഒരാൾ കൗൺസിലിംഗ് നൽകുകയായിരുന്നു. ഒരു കുട്ടി അച്ചനെ കാണാൻ വന്നു. അവൻ അച്ചനുമായി വളരെ സൗഹൃദത്തിലായി. അടുത്ത ദിവസം അവൻ സുഹൃത്തിനെയും കൊണ്ടുവന്നു. ആ കുട്ടിയും അച്ചനുമായി സൗഹൃദം സ്ഥാപിച്ചു. അവർ അച്ചനോട് ചോദിക്കുകകയാണ്. "എന്തുകൊണ്ടാണ് നിങ്ങൾ യേശുവിനെക്കുറിച്ച് ഒന്നും പറഞ്ഞു തരാത്തത്." യേശുക്രിസ്തുവിന്റെ സ്നേഹം അറിയാനും അനുഭവിക്കാനും ആളുകൾ ആഗ്രഹിക്കുന്നു. യേശുവിനെയും അവന്റെ സന്ദേശത്തെയും അവരുമായി പങ്കിടാൻ നാം തയ്യാറാണോ? ഇക്കാര്യത്തിൽ പലപ്പോഴും നമ്മൾ വിമുഖത കാണിക്കുകയോ ഭയപ്പെടുകയോ ചെയ്യുന്നു.

**ഫാ. പോൾസൺ മുത്തിപീടിക**
ഭോപ്പാൽ

കർത്താവിന്റെ കല്പന വളരെ വ്യക്തമാണ്. “നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ.” (മർക്കോ. 16:15) എന്നാൽ യേശുക്രിസ്തുവിന്റെ സുവിശേഷം ഞാനിതുവരെ എത്രപേരോട് പങ്കുവെച്ചിട്ടുണ്ടെന്ന് നാമോരോരുത്തരും ഗൗരവപൂർവ്വം നമ്മോടുതന്നെ ചോദിക്കണം.

ഉസ്രിയിലെ സഞ്ജീവനി വിദ്യാപീഠിൽ നടന്ന ഞങ്ങളുടെ അധ്യാപക രക്ഷാകർതൃ സംഗമങ്ങളിലൊന്നിൽ, രക്ഷാകർതൃത്വത്തെക്കുറിച്ച് ഞാൻ ബൈബിളിൽ നിന്ന് വിവിധ വചനങ്ങൾ ഉദ്ധരിച്ചു. യോഗത്തിൽ പങ്കെടുത്ത 350 -ഓളം രക്ഷിതാക്കൾക്ക് അതിന്റെ പകർപ്പ് ലഭ്യമാക്കി. ഓരോ വചനവും ഞാൻ വിശദീകരിച്ചു. അത് ബൈബിളിൽ നിന്നുള്ളതാണെന്നും ജീവിതത്തിൽ പിന്തുടരാൻ നല്ലതാണെന്നും ഞാൻ അവരോട് വ്യക്തമായി പറഞ്ഞു. കുടിക്കാഴ്ച്ചയ്ക്ക് ശേഷം കുറച്ച് മാതാപിതാക്കൾ എന്റെ അടുത്ത് വന്നു, അത് വളരെ നല്ല വചനങ്ങളാണെന്നും, വളരെ നേരത്തെ ഞാൻ അവർക്ക് അത് നൽകണമായിരുന്നുവെന്നും പറയുകയുണ്ടായി. ദൈവവചനം അറിയാൻ ആളുകൾക്ക് ശരിക്കും ദാഹമുണ്ട്. വചനം ജനങ്ങൾക്ക് സ്വീകാര്യമായ രീതിയിൽ നൽകുന്നതിന് അനുയോജ്യമായ അവസരങ്ങൾ നാം സൃഷ്ടിക്കണം.

2019 ഓഗസ്റ്റ് ആദ്യ വാരം ഞങ്ങൾ ഭോപ്പാലിലെ പാസ്റ്ററൽ സെന്ററിൽ പുരോഹിതർക്കും കന്യാസ്ത്രീകൾക്കുമായി സുവിശേഷവത്ക്കരണത്തെക്കുറിച്ചുള്ള ഒരു സെമിനാർ സംഘടിപ്പിച്ചിരുന്നു. 160-ഓളം പേർ പങ്കെടുത്തു. സാഗർ രൂപതയിലെ ഗ്രാമീണരോട് യേശുവിനെക്കുറിച്ചും അവിടുത്തെ സുവിശേഷത്തെക്കുറിച്ചും പങ്കിട്ടതിന്റെ അത്ഭുതകരമായ അനുഭവം, സാഗറിൽ നിന്നുള്ള സിസ്റ്റർ കുസും എസ്.ജെ. ആ സെമിനാറിൽ പങ്കുവെയ്ക്കുകയുണ്ടായി.

ഇപ്രകാരമാണ് അവർ മിഷനറി പ്രവർത്തനം നടത്തിയിരുന്നത്- രണ്ട് കന്യാസ്ത്രീകൾ ഗ്രാമവാസികൾ നൽകിയ മുറിയിലോ വീട്ടിലോ താമസിക്കുന്നു. ഗ്രാമീണരുടെ ലളിതമായ ജീവിതരീതി അവർ സ്വീകരിക്കുന്നു. പ്രാർത്ഥനയ്ക്കും ആരാധനയ്ക്കുമായി അവർ ഉച്ചവരെ സമയം ചെലവഴിക്കുന്നു. ഉച്ചകഴിഞ്ഞ് അവർ ഗ്രാമത്തിലെ കുടുംബങ്ങളെ സന്ദർശിക്കുന്നു. വൈകുന്നേരം അവർ കുട്ടികൾക്ക് ട്യൂഷനോ കോച്ചിംഗോ നൽകുന്നു. ദൈവവചനം, പത്ത് കൽപ്പനകൾ, ധാർമ്മികത, മൂല്യങ്ങൾ എന്നിവയും അവർ പഠിപ്പിക്കുന്നു.

ഇവർ ദിവസവും പ്രാർത്ഥിക്കുന്നത് കണ്ട് പ്രാർത്ഥന ചോദിക്കാൻ പലരും വന്നു. അനേകർക്ക് രോഗശാന്തി ലഭിക്കുകയും അവരുടെ ചെറിയ ചാപ്പലിൽ സമാധാനം കണ്ടെത്തുകയും ചെയ്തു. തുടക്കത്തിൽ ചില ഗ്രാമവാസികൾ ഇവരെ സംശയദൃഷ്ടിയോടെ കണ്ടെങ്കിലും ഏതാനും മാസങ്ങൾക്കകം അവർ വളരെ സ്നേഹത്തിലായി, പ്രത്യേകിച്ച് സ്ത്രീകൾ. രണ്ടു വർഷത്തിനുശേഷം, അവർക്ക് മറ്റൊരു ഗ്രാമത്തിലേക്ക് പോകേണ്ടി വന്നപ്പോൾ, അവരെ വിട്ടയക്കാൻ ഗ്രാമവാസികൾക്ക് ഏറെ പ്രയാസമായിരുന്നു. യേശുക്രിസ്തുവിന്റെ സുവിശേഷം പങ്കുവയ്ക്കാൻ ഇത് വളരെ ഫലപ്രദമായ മാർഗമായിരുന്നുവെന്ന് സിസ്റ്റർ കുസും പറഞ്ഞു. അവരുടെ സഭയിലെ ചില സഹോദരിമാർ മറ്റൊരു ഗ്രാമത്തിൽ ഇത് തുടരുകയാണ്.

തീർച്ചയായും, ആദ്യം സുവിശേഷീകരണം നടക്കേണ്ടത് അവനവനിൽ തന്നെയാണ്. ഒരിക്കൽ കർത്താവിനെ അനുഭവിച്ചറിഞ്ഞവർക്ക് സന്തോഷത്തിന്റെയും കരുത്തിന്റെയും ഉറവിടമായ യേശുവിനെ തന്നിൽ മാത്രം പരിമിതപ്പെടുത്താൻ കഴിയില്ല. സുവിശേഷത്തിന്റെ സന്തോഷം മറ്റൊരാളുമായി പങ്കുവെക്കണമെന്ന് ഫ്രാൻസിസ് മാർപാപ്പ പറയുന്നത് അതിനാലാണ്. നാം പ്രാർത്ഥനയുടെ വ്യക്തികളാകണം, വിശുദ്ധ ജീവിതം നയിക്കണം. അപ്പോൾ നമ്മുടെ വാക്കുകളും സന്ദേശവും മറ്റൊരാൾക്ക് കൂടുതൽ ബോധ്യങ്ങൾ നൽകുന്നതും സ്വീകാര്യവുമാകും. നമുക്കില്ലാത്തത് നൽകാൻ നമുക്ക് കഴിയില്ല. ചെയ്യാത്തത് പ്രസംഗിക്കാൻ കഴിയില്ല. ചെയ്ത കാര്യങ്ങൾ മാത്രം പ്രസംഗിച്ച യേശുക്രിസ്തുവിന്റെ ഉത്തമ മാതൃക നമുക്കുണ്ട്. അവൻ സൗഖ്യം നൽകുകയും അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ഭൂതങ്ങളെ പുറത്താക്കുകയും

മാത്രമല്ല, ദൈവം എല്ലാവരെയും സ്നേഹിക്കുന്ന എന്ന സുവിശേഷം പ്രസംഗിക്കുകയും ചെയ്തു. അതുപോലെ, ഒരു നല്ല ജീവിതം നയിക്കാനും സാക്ഷ്യം വഹിക്കാനും മാത്രമല്ല, സാധ്യമാകുന്നിടത്തെല്ലാം യേശുവിന്റെ സന്ദേശം പങ്കുവയ്ക്കാനും നമുക്ക് കടമയുണ്ട് .

സുവിശേഷീകരണത്തിൽ പ്രാർത്ഥനയ്ക്കും ആരാധനയ്ക്കും വലിയ പങ്കുണ്ട്. എന്നാൽ മിഷണറി പ്രവർത്തനത്തിന്റെ ഈ വശം പലപ്പോഴും നാം മറന്നുപോവുകയോ അതിന് ആവശ്യമായ പ്രാധാന്യം നൽകാതിരിക്കുകയോ ചെയ്യുന്നു. യേശുക്രിസ്തുവിന്റെ സന്ദേശം പ്രചരിപ്പിക്കാനുള്ള നമ്മുടെ ദൗത്യത്തിനുള്ള ഊർജ്ജവും ശക്തിയും കർത്താവിന്റെ സന്നിധിയിൽ പ്രാർത്ഥിക്കുന്നതിലൂടെ നമുക്ക് ലഭിക്കും. ഇക്കാലത്ത് ഒരു സഭയോ രൂപതയോ ഒരു പുതിയ മിഷൻ ആരംഭിക്കാൻ ചിന്തിക്കുമ്പോൾ ഒരു സ്ഥാപനം ആരംഭിക്കുന്നതിനെക്കുറിച്ചാണ് ആദ്യം ചിന്തിക്കുന്നത്. എന്നാൽ പണത്തിന്റെയും ഉദ്യോഗസ്ഥരുടെയും ദൗർലഭ്യം കാരണം, മിഷൻ സെന്ററുകളുടെ വ്യാപനം വളരെ മന്ദഗതിയിലുള്ളതും പരിമിതവുമായിത്തീരുന്നു. സ്ഥാപനത്തിനു പകരം ഒരു പ്രാർത്ഥനാ കേന്ദ്രം ആരംഭിക്കുകയാണെങ്കിലോ? അതിന് ചെലവ് വളരെ കുറവായിരിക്കും. അതിന്റെ ഫലം നമ്മുടെ ചിന്തകൾക്ക് അപ്പുറമായിരിക്കും. കാരണം അതിന്റെ ചുക്കാൻ നാം പ്രാർത്ഥന വഴിയായി കർത്താവിന് കൊടുത്തു കഴിഞ്ഞു.

ഈ രീതിയിൽ പ്രവർത്തിക്കുന്ന അനേകം മധ്യസ്ഥപ്രാർഥന കേന്ദ്രങ്ങൾ ഫിയാത്ത് മിഷനുണ്ട്. ഇവിടെ ഉസ്രി എന്ന ഗ്രാമത്തിലും രണ്ട് ഫിയാത്ത് മിഷനറിമാർ ഇപ്പോൾ പ്രാർത്ഥിക്കുന്നുണ്ട്.

ഒരു നഗരത്തിന്റെ പ്രാന്തപ്രദേശത്ത് അല്ലെങ്കിൽ ഗ്രാമത്തിൽ ഒരു മുറി അല്ലെങ്കിൽ ചെറിയ വീട് വാടകയ്ക്ക് എടുക്കുകയോ ഇതിനായി വാങ്ങുകയോ ചെയ്യാം. ഒരു പുരോഹിതനോ അത്മായനോ അവിടെ പ്രാർത്ഥിക്കാനും ഉച്ചവരെ ദിവ്യകാരുണ്യനാഥന്റെ മുമ്പിൽ ആരാധനയിൽ സമയം ചെലവഴിക്കാനും കഴിയും. ഉച്ചകഴിഞ്ഞ് ഈ വ്യക്തിക്ക് ചുറ്റുമുള്ള കുടുംബങ്ങളെ സന്ദർശിക്കാനും അവർക്കായി പ്രാർത്ഥിക്കാനും കഴിയും. അവിടെ ആരെങ്കിലും രോഗികളുണ്ടെങ്കിൽ, അവർക്കായി ഒരു പ്രത്യേക പ്രാർത്ഥന നടത്താം. രണ്ടാമത്തെ പ്രാവശ്യം നാം ആ വീട് സന്ദർശിക്കുമ്പോഴേയ്ക്കും ആദ്യത്തെ സന്ദർശനത്തിൽ നമ്മുടെ പ്രാർത്ഥന ഫലപ്രദമായിരുന്നെങ്കിൽ, അവർ യേശുക്രിസ്തുവിനെക്കുറിച്ച് അറിയാൻ കൂടുതൽ ഉത്സുകരാകും. സമയമുണ്ടെങ്കിൽ, ചില ട്യൂഷനോ കോച്ചിംഗോ നൽകാം. പ്രാർത്ഥനയോടും ലളിതമായ ജീവിതശൈലിയോടും കൂടി മിഷനിൽ ഏർപ്പെടുന്നത് കൂടുതൽ ഫലപ്രദമായിരിക്കും. ആ പ്രദേശത്തിനായി നാം ഒരു പ്രത്യേക സേവനവും ചെയ്യേണ്ടതില്ല, നമ്മുടെ സഹായം പ്രാർത്ഥനയിലൂടെയും യേശുക്രിസ്തുവിന്റെ സന്ദേശം പങ്കുവെക്കുന്നതിലൂടെയും ആയിരിക്കണം. ബാക്കിയുള്ളത് പരിശുദ്ധാത്മാവ് ചെയ്യും.

മിഷൻ അഗ്നി നമുക്ക് ലഭിച്ചു കഴിഞ്ഞാൽ, നമ്മുടെ രാജ്യത്തിന്റെ മാറിയ ഈ രാഷ്ട്രീയ സാമൂഹിക സാഹചര്യങ്ങളിൽ പോലും സുവിശേഷം പ്രചരിപ്പിക്കാൻ സാധിക്കും. തടസ്സങ്ങളും പ്രയാസങ്ങളും ഉണ്ടായേക്കാം. നമ്മുടെ സുവിശേഷീകരണ ശൈലി സമയത്തിനും സ്ഥലത്തിനും അനുയോജ്യമായിരിക്കണം. മാറിയ സാഹചര്യത്തിൽ, യേശുവിന്റെ സന്ദേശം പങ്കിടുന്നതിനുള്ള ഏറ്റവും ഉചിതമായ മാർഗം ഒരാൾ മറ്റൊരാളോട് ക്രിസ്തുവിനെ പങ്കുവയ്ക്കുന്ന 'വൺ ടു വൺ' ശൈലിയാണെന്ന് തോന്നുന്നു. ഇതിന് ധാരാളം സമയമെടുക്കുകയും, കൂടുതൽ ക്ഷമയും ലാളിത്യവും നമ്മുടെ ഭാഗത്തു നിന്ന് ആവശ്യപ്പെടുകയും ചെയ്യുമെങ്കിലും ഇത് കൂടുതൽ ഫലപ്രദവും ഇതിന്റെ ഗുണം കൂടുതൽ നിലനിൽക്കുന്നതുമാണ്. ഈ പ്രക്രിയയിൽ ക്രിസ്തുവിന്റെ സന്ദേശം പ്രചരിപ്പിക്കാൻ ആരെയും അപലപിക്കുകയോ അപമാനിക്കുകയോ ചെയ്യേണ്ടതില്ല. അതേ സമയം കർത്താവിനെക്കുറിച്ചുള്ള നമ്മുടെ അനുഭവവും വിശ്വാസവും പങ്കിടുന്നു. അവർ അത് ആകർഷകമായി കാണുകയും കർത്താവായ യേശുക്രിസ്തുവിൽ സമാധാനവും സന്തോഷവും ശക്തിയും കണ്ടെത്തുകയും ചെയ്താൽ, അവർ ഈശോയെ സ്വീകരിക്കും.



# നാഥനെ സ്വന്തമാക്കിയവൾ

"എന്റെ അമ്മപോലും എന്നെ ക്രൂരമായി മർദ്ദിച്ചിരുന്നു." ഇത് പറഞ്ഞ് കുസും ചൗഹാൻ എന്ന അൽഫോൻസ എന്നെ നോക്കി നിഷ്കളങ്കമായി പുഞ്ചിരിച്ചു. നെഞ്ചിനകത്തുണ്ടായ പിടച്ചിൽ പുറത്തുകാണാതിരിക്കാൻ ശ്രമിച്ച് ഞാൻ അവളുടെ കഥ കേട്ടു കൊണ്ടിരുന്നു. ഡൽഹിയിലുള്ള ഒരു മിഷണറി സമൂഹത്തിലേയ്ക്ക് ഉത്തർപ്രദേശിലെ ഒരു ഗ്രാമത്തിൽ നിന്നാണവൾ വന്നിരിക്കുന്നത്. ക്രിസ്തുവിനെ സ്വന്തമാക്കിയതെങ്ങനെയെന്ന എന്റെ ചോദ്യത്തിന് മറുപടി തന്നുകൊണ്ടിരിക്കുകയായിരുന്നു അവൾ.

അന്നുവരെ ക്രിസ്തുവിനെക്കുറിച്ച് കേട്ടിട്ടില്ലാത്ത വാരണാസിയിലെ അവളുടെ ഗ്രാമത്തിൽ ഒരു മിഷണറി വൈദികൻ വന്ന് ഒരു ആശ്രമം സ്ഥാപിച്ച് പ്രാർത്ഥന മാത്രമായി ജീവിച്ചു തുടങ്ങിയതോടെയാണ് എല്ലാം ആരംഭിച്ചത്. പലയിടത്തും കാണുന്ന ആശ്രമങ്ങൾ പോലെയൊന്ന്! എന്ന കാഴ്ചപ്പാടോടെ ഗ്രാമവാസികൾ അസുഖം മാറുന്നതിനും മറ്റുമായി അവിടെ പോയി തുടങ്ങി. പലരും അത്ഭുതകരമായി സുഖപ്പെടാനും ക്രിസ്തുവിനെ സ്നേഹിക്കാനും തുടങ്ങി, ഇവളും അങ്ങനെ തന്റെ സൃഷ്ടാവും രക്ഷിതാവുമായ ക്രിസ്തുവിന്റെ സ്നേഹം തിരിച്ചറിഞ്ഞു വിശ്വാസിയായി.

അതോടെ പ്രശ്നങ്ങൾ തുടങ്ങി. ആ വൈദികന് ഒരുപാട് പീഡനങ്ങൾ ഏൽക്കേണ്ടി വന്നു. എന്നാൽ എത്രമാത്രം അവർ അദ്ദേഹത്തെ പീഡിപ്പിച്ചോ അതിനനുസരിച്ച് ആ വൈദികനിൽ കൃപകൾ വർഷിക്കപ്പെട്ടു കൊണ്ടേയിരുന്നു. നൂറുകണക്കിന് അത്ഭുതങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. അവിടെ വിശ്വാസം വളരാനും തുടങ്ങി.

"ഇപ്പോൾ ആ വൈദികന്റെ ഉത്തരവാദിത്തം അനേകം ഇരട്ടിയായിരിക്കുന്നു. തന്നെ സഹായിക്കാനായി അദ്ദേഹം മിഷണറിമാരെ അന്വേഷിക്കുന്നുണ്ടെങ്കിലും മിഷണറിമാരുടെ അഭാവം അദ്ദേഹത്തെ ക്ലേശിപ്പിക്കുന്നുണ്ട്." അൽഫോൻസ പറഞ്ഞു നിർത്തി.

"ഒരു സിസ്റ്ററാവണമെന്നാണ് ഇവളുടെ ആഗ്രഹം. അതിനായുള്ള ഒരുക്കത്തിലാണ്." അൽഫോൻസയുടെ കൂട്ടുകാരി കൂട്ടിചേർത്തു.

'ക്രിസ്തുവിനു വേണ്ടി സ്വമാതാവിൽ നിന്നു പോലും പീഡനമേൽക്കേണ്ടി വന്ന സോദരീ, നീ ഈശോയ്ക്കായി ഏറെ ഫലം പുറപ്പെടുവിക്കുന്ന ഒരു മിഷണറിയായിത്തീരട്ടെ എന്ന് ഞാനും പ്രാർത്ഥിക്കുന്നു.' എന്റെ ഹൃദയം ഇങ്ങനെ മന്ത്രിച്ചു.

ക്രിസ്തുനാമം ഇനിയും കേൾക്കാത്ത ആയിരക്കണക്കിന് ഗ്രാമങ്ങളിൽ കടന്നു ചെല്ലാൻ അനേകം മിഷണറിമാരെ കർത്താവേ, അങ്ങ് ഉയർത്തണമേയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

# നിസംഗത വെടിയാം ഇത് സവിശേഷ അവസരം



മിഷൻ, മിഷനറിമാർ, മിഷൻ ഞായർ, മിഷനറി പ്രവർത്തനങ്ങൾ എന്നിവ കേൾക്കുമ്പോൾ ക്രിസ്തുവിനെ അറിയാത്ത, വചനം വായിക്കാത്ത ബൈബിൾ കണ്ടിട്ടില്ലാത്ത ജനങ്ങളെ കൂടി നമ്മുടെ മനസ്സിലേക്ക് കൊണ്ടു വരേണ്ടതുണ്ട്



പ്രിൻസ് ഡേവിസ് തെക്കൂടൻ

**വി**ശുദ്ധ ബൈബിളിലെ അവസാന പുസ്തകമായ വെളിപാട് 3-ാം അദ്ധ്യായം 15, 16 വാക്യങ്ങൾ ഇന്നത്തെ കത്തോലിക്കാ സഭയുടെ പ്രത്യേകിച്ച് കേരളസഭയുടെ സന്താനങ്ങളുടെ കണ്ണ് തുറപ്പിക്കുന്ന വചനമാണ്. “നിന്റെ പ്രവൃത്തികൾ ഞാനറിയുന്നു. നീ തണുപ്പോ, ചൂടോ ഉള്ളവനല്ല, തണുപ്പോ ചൂടോ ഉള്ളവനായിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു. ചൂടോ തണുപ്പോ ഇല്ലാത്ത മന്ദോഷ്ണനാകയാൽ നിന്നെ ഞാൻ എന്റെ വായിൽ നിന്ന് തുപ്പിക്കളയും.”

സഭാതലത്തിൽ പരിഹരിക്കപ്പെടേണ്ട പലതും പത്രങ്ങളും ചാനലുകളും നവമാധ്യമങ്ങളും ചർച്ചചെയ്ത് വിശ്വാസികളെ ഇപ്പോഴത്തെ നിസ്സംഗമായ അവസ്ഥയിലേക്ക് എത്തിച്ചിട്ടുണ്ടെങ്കിൽ ആരാണതിന്ന ഉത്തരവാദി? കാരണങ്ങളും, ഉത്തരങ്ങളും, ചോദ്യങ്ങളും എല്ലാമറിയാമായിരുന്നിട്ടും നമുക്കുണ്ടാവുന്ന അല്ലെങ്കിൽ നമുക്കുണ്ടാകാൻ പാടില്ലാത്ത നിസംഗത മാറ്റാൻ എന്താണ് വഴി? ഉത്തരം ഒന്നേയുള്ളൂ... കർത്താവ് പറഞ്ഞതു ചെയ്യുക. അതായത് മിഷനുവേണ്ടി പ്രവർത്തിക്കുക, മിഷനറിയാവുക. വചനം ഇങ്ങനെ പറയുന്നു ‘നിങ്ങൾ ലോകമെങ്ങും പോയി സകലസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ’ ഇത് തന്നെയാണ് സഭാമക്കളായ നാമോരുരുത്തരുടേയും പ്രഥമവും പ്രധാനവുമായ ഉത്തരവാദിത്വം.


‘നിസംഗത’ എന്ന വാക്ക് അധികം കേട്ടുപരിചയമില്ലെങ്കിലും ഓരോ മനുഷ്യനെയും അവന്റെ പ്രവർത്തനങ്ങളെയും, പെരുമാറ്റത്തെയും സംബന്ധിച്ച് ഈ വാക്കിന് വലിയ പ്രാധാന്യമുണ്ട്. ഒരു തരത്തിൽ പറഞ്ഞാൽ, അറിഞ്ഞിട്ടും പറയാൻ മെനക്കിടാത്ത അവസ്ഥ, കണ്ടിട്ടും കാണാത്ത രീതിയിലുള്ള പെരുമാറ്റം, കേട്ടിട്ടും കേൾവി പോലുമില്ലാത്ത രീതിയിലുള്ള അവസ്ഥ. ഒക്ടോബറിൽ ഒരിക്കൽ കൂടി മിഷൻ മാസാചരണങ്ങൾക്കായി നാം അടുക്കുമ്പോൾ കുറേക്കൂടി നമ്മുടെ ഇത്തരം മനോഭാവങ്ങളെ ശുദ്ധീകരിച്ചെടുക്കുവാൻ ശ്രമിക്കേണ്ടതുണ്ടെന്ന് തോന്നുന്നു.

വർഷങ്ങളായി നാം പലപ്പോഴും കേട്ടുവളർന്ന വാക്കാണ് മിഷൻ. വെറുമൊരു മിഷൻ ഞായറിലോ, അതിനോടനുബന്ധിച്ചുള്ള പരിപാടികളിലോ, ധനസമാഹരണത്തിലോ കവിഞ്ഞ് മറ്റൊന്നുമില്ല എന്നതാണ് സാധാരണ വിശ്വാസികളുടെ ധാരണ. എന്നാൽ മിഷൻ, മിഷനറിമാർ, മിഷൻ ഞായർ, മിഷനറി പ്രവർത്തനങ്ങൾ എന്നിവ കേൾക്കുമ്പോൾ ക്രിസ്തു

വിനെ അറിയാത്ത, വചനം വായിക്കാത്ത, ബൈബിൾ കണ്ടിട്ടില്ലാത്ത ജനങ്ങളെക്കൂടി നമ്മുടെ മനസിലേയ്ക്ക് കൊണ്ടുവരേണ്ടതായിട്ടുണ്ട്.

പ്രത്യേകിച്ച് ഒക്ടോബറിൽ സവിശേഷമായൊരു മിഷനറി മാസമായി ആചരിക്കുവാൻ ഫ്രാൻസീസ് പാപ്പ ആഹ്വാനം ചെയ്തിരിക്കുന്ന ഈ വേളയിൽ നമ്മുടെ വിശ്വാസത്തിന്റേയും പ്രവർത്തനങ്ങളുടേയും ആഴവും, നീളവും, വീതിയും, പരപ്പും വർദ്ധിപ്പിക്കുവാനും നമുക്ക് കടമയുണ്ട്. 2011-ലെ സെൻസസ് പ്രകാരം ഇന്ത്യയിൽ 2.3% ആളുകൾക്ക് മാത്രമേ ക്രിസ്തുവിനെക്കുറിച്ച് അറിയൂ. ശരിക്കും പറഞ്ഞാൽ 2 കോടി 80 ലക്ഷം ക്രിസ്ത്യാനികൾ മാത്രം. ഈ അവസ്ഥയിൽ "വിളവധികം വേലക്കാരോ ചുരുക്കം. അതിനാൽ വിളഭൂമിയിലേയ്ക്ക് വേലക്കാരെ അയക്കുവാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ." എന്ന തിരുവചനത്തിൽ നമുക്ക് ആശ്രയിക്കാം.

എല്ലാ മിഷൻ പ്രവർത്തനങ്ങളുടെയും ആത്യന്തിക ശക്തിയായ മദ്ധ്യസ്ഥ പ്രാർത്ഥനയിൽ ചേർന്ന് നിന്ന് കൊണ്ട് നമ്മുടെ വിശ്വാസത്തെയും പ്രവർത്തനങ്ങളെയും ചൂട് പിടിപ്പിക്കാം. 'മാമ്മോദീസ സ്വീകരിച്ചവർ അയയ്ക്കപ്പെട്ടവരാണെന്ന' EMM ന്റെ ആപ്തവാക്യം നമ്മുടെ ഹൃദയങ്ങളിൽ ആഴത്തിൽ പതിയാൻ പരിശുദ്ധാത്മാവിനോട് സഹായം യാചിക്കാം. മാത്രമല്ല ആത്മാവിൽ പ്രചോദിതരായി പുതിയ മിഷൻ പ്രദേശങ്ങളേയും, മിഷൻ രീതികളേയും കണ്ടെത്തുവാനും ഒപ്പം സ്വയം മിഷനറിയായി തീർന്ന് കർത്താവിന്റെ വേലക്കാരായി മാറുവാനും നമുക്ക് ഒരുങ്ങാം. മിഷണറിയായി ഭാരതത്തിലെത്തി അനേകാത്മാക്കളെ കർത്താവിനായി നേടിയ വിശുദ്ധ ഫ്രാൻസീസ് സേവ്യറിന്റെ മാധ്യസ്ഥം നമ്മെ ഓരോരുത്തരേയും സഹായിക്കട്ടെ, ആമേൻ.





# ഉയരണം, മധ്യസ്ഥ പ്രാർത്ഥന

2007-ലാണ് ഒറീസയിൽ മധ്യസ്ഥ പ്രാർത്ഥനയ്ക്കായി ഫിയാത്ത് മിഷൻ ടീം പോയത്. കാണ്ഡമാൽ കലാപത്തിന്റെ പശ്ചാത്തലത്തിൽ വിശ്വാസികൾ ഏറെ തളർന്നിരുന്ന അവസ്ഥയിലായിരുന്നു അത്. അന്നത്തെ കട്ടക് ബിഷപ്പ് ആയിരുന്ന റാഫേൽ ചീനാത്ത് പിതാവിനോട്, ഒറീസയ്ക്ക് വേണ്ടി ആരാധന നടത്താൻ

ASPIRANT'S

# SCRIPTURA 2019

MEMORIZE THE SCRIPTURE

**സമർപ്പിത ജീവിത പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് വചനം ഹൃദിസ്ഥമാക്കാനായി ഫിയാത്ത്മിഷൻ എല്ലാ വർഷവും സംഘടിപ്പിക്കുന്ന 'ആസ്പിരൻസ് സ്ക്രിപ്തുറ' മൂന്നാം വർഷത്തിലേയ്ക്ക്...**

- വൈദിക/സന്യസ്ത പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവർക്കും 'ആസ്പിരൻസ് സ്ക്രിപ്തുറ'യിൽ പങ്കെടുക്കാം.
- സമർപ്പിതജീവിതത്തിലേക്കു പ്രവേശിക്കുന്നവരെ വചനങ്ങൾ ഹൃദിസ്ഥമാക്കാൻ പ്രോത്സാഹിപ്പിക്കുക എന്നതാണ് 'ആസ്പിരൻസ് സ്ക്രിപ്തുറ' യുടെ ലക്ഷ്യം.
- അർത്ഥികൾ ഹൃദിസ്ഥമാക്കിയ ബൈബിൾ വചനങ്ങൾ, റെക്ടറച്ചനോ നോവിസ് മിസ്ട്രസ്സോ തീരുമാനിക്കുന്ന തീയതിയിൽ, അവരുടെ മേൽനോട്ടത്തിൽ എഴുതണം.
- വചനം എഴുതുന്നവരുടെ എണ്ണം, സ്ഥലം, സമയം ഇക്കാര്യങ്ങൾ ഫിയാത്ത്മിഷനെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

താത്പര്യമുണ്ടെന്ന് അറിയിക്കുകയും അദ്ദേഹത്തിന്റെ അനുവാദത്തോടെ ആരാധന ആരംഭിക്കുകയുമായിരുന്നു. ഒറീസയിലെ ക്രിസ്തീയ വിശ്വാസികളുടെ ജീവിതത്തിൽ പുതുശക്തി നിറയ്ക്കാനിടയായ ദിവ്യകാരുണ്യ ആരാധന ആ രൂപതയിൽ ഇന്നും തുടരുന്നു എന്നതിൽ ദൈവത്തിന് നന്ദി പറയാം.

സഭ പ്രശ്നങ്ങളെയും പ്രതിസന്ധികളെയും നേരിടുന്ന ഇടങ്ങളിലെല്ലാം ഫിയാത്ത് മിഷൻ മധ്യസ്ഥപ്രാർത്ഥന ആരംഭിക്കാറുണ്ട്. അതാതിടങ്ങളിലെ ബിഷപ്പുമാരോട് അനുവാദം ചോദിച്ച് വാങ്ങിയാണ് ആദ്യകാലങ്ങളിൽ ഇപ്രകാരം മധ്യസ്ഥപ്രാർഥന ടീമുകളെ അയച്ചിരുന്നത്. കെനിയ എത്യോപ്യ തുടങ്ങിയ ആഫ്രിക്കൻ രാജ്യങ്ങളിലും ഇന്ത്യയിലെ 17 സംസ്ഥാനങ്ങളിലുമായി 50-ഓളം പ്രാർത്ഥന സെന്ററുകൾ ഇപ്പോൾ ദൈവകൃപയാൽ ഫിയാത്ത് മിഷൻ നടത്തുന്നുണ്ട്. മിഷണറിമാരുടെ അഭാവവും, അവരുടെ ചെലവുകളും മിഷൻ സെന്റർ നടത്തിപ്പിന്റെ സാമ്പത്തികഭാരവുമെല്ലാം നിമിത്തം; പ്രാർഥനയ്ക്കായി ശുശ്രൂഷകരെ അയയ്ക്കാമോ എന്ന് ചോദിച്ചു കൊണ്ടുള്ള ബിഷപ്പുമാരുടെ എഴുത്ത് ലഭിച്ചാൽ മാത്രമാണ് ഇപ്പോൾ ശുശ്രൂഷകരെ അയക്കുന്നത്. അവരുടെ ചെലവുകളെല്ലാം സാധിക്കുന്ന വിധത്തിൽ ഫിയാത്ത് മിഷൻ തന്നെയാണു വഹിക്കുന്നതും.

ഇനിയും അനേകർ ആത്മാർപ്പണത്തോടെ മധ്യസ്ഥപ്രാർത്ഥന രംഗത്തേയ്ക്ക് കടന്നുവരേണ്ടതുണ്ട്. എങ്കിൽ മാത്രമേ പ്രാർത്ഥന ആവശ്യമുള്ള ഇടങ്ങളിലേക്ക് ശുശ്രൂഷകരെ അയക്കാൻ സാധിക്കു. 2033 ആകുന്നതോടെ 33000 പ്രാർത്ഥനാ പോരാളികൾ ലോകത്തിന്റെ പലയിടങ്ങളിലായി മധ്യസ്ഥപ്രാർഥനയിൽ വ്യാപരിക്കണമെന്നതാണ് നമ്മുടെ സ്വപ്നം. മധ്യസ്ഥപ്രാർത്ഥന വഴി മാത്രമേ വ്യക്തികളും രാജ്യങ്ങളും മാനസാന്തരത്തിലേക്ക് കടന്നുവരൂ. പരിശുദ്ധാത്മ നിറവുള്ള മധ്യസ്ഥപ്രാർത്ഥനക്കാരെ ഇനിയും പരിശുദ്ധാത്മാവ് ഉയർത്തിക്കൊണ്ടുവരാനായി നമുക്ക് ആഗ്രഹിക്കാം, അതിനായി പ്രാർത്ഥിക്കാം.

- ഉത്തരവാദിത്വപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയ, വചനങ്ങളെഴുതിയ പേപ്പറുകൾ ഡിസംബർ 20-ാം തിയതിക്കു മുൻപ് ഫിയാത്ത്മിഷനിൽ ലഭിക്കേണ്ടതാണ്.
- നൂറ്റമ്പതോ അതിലധികമോ വചനം എഴുതിയ എല്ലാവർക്കും 500 രൂപ സമ്മാനവും സർട്ടിഫിക്കറ്റും നൽകുന്നതാണ്.
- അഞ്ച് പേരെങ്കിലും നൂറ്റമ്പതോ അതിലധികമോ വചനം എഴുതിയ സ്ഥലങ്ങളിൽ കൂടുതൽ വചനമെഴുതിയ വ്യക്തിക്ക് 2000 രൂപയുടെ പ്രത്യേക സമ്മാനം.
- ഇരുപത്തിയഞ്ചോ അതിലധികമോ വ്യക്തികൾ പങ്കെടുത്ത സ്ഥലങ്ങളിൽ കൂടുതൽ വചനമെഴുതിയവർക്ക് ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് 2000, 1500, 1000 എന്നിങ്ങനെ പ്രത്യേക സമ്മാനങ്ങൾ. ഈ ഹൗസുകൾക്ക് പ്രത്യേക മെമന്റോയും സമ്മാനിക്കപ്പെടും.
- എല്ലാ മത്സരാർത്ഥികളിലും നിന്ന് ഏറ്റവും കൂടുതൽ വചനമെഴുതിയ ആദ്യ മൂന്ന് സ്ഥാനക്കാർക്ക് 20000, 10000, 5000 എന്നിങ്ങനെ സമ്മാനതുക ലഭിക്കുന്നതായിരിക്കും.
- വചനഭാഗങ്ങൾ തുടർച്ചയായി എഴുതുന്നത് പരിഗണിക്കുന്നതല്ല. പ്രാർത്ഥനയ്ക്കും പ്രഘോഷണത്തിനും ഉതകുന്ന വചനങ്ങളാണ് പ്രതീക്ഷിക്കുന്നത്. ഏതു ഭാഷയിലും എഴുതാം.
- നൂറ്റമ്പത് വചനം ആരും എഴുതാത്ത സ്ഥലങ്ങളിൽ, കൂടുതൽ വചനമെഴുതിയ വ്യക്തിക്ക് പ്രോത്സാഹന സമ്മാനം.

വിവിധഘട്ടങ്ങളിൽ വിജയിച്ചു വരുന്നവർക്ക്, നേടുന്ന സമ്മാനങ്ങളിലെ വലിയ സമ്മാനതുക മാത്രമേ ലഭിക്കൂ.
(ഉദാ: 1-ാം സമ്മാനാർഹനായ വ്യക്തിക്ക് 20000 രൂപയ്ക്ക് പുറമേ സ്വന്തം ഹൗസിൽ നിന്നുള്ള 500 രൂപയുടെ സമ്മാനത്തിന് അർഹതയില്ല.)

FIATMISSION, AVE MARIA TOWER, NEW CHURCH ROAD, THRISSUR - 680 001, KERALA, MOB: 9020353035

## My pledge for financial support to Fiat Mission

(ഫിയാത്ത് മിഷന്റെ ദൈവരാജ്യശുശ്രൂഷകൾക്ക് സഹായം നൽകാമെന്നുള്ള എന്റെ വാഗ്ദാനം)

(ഈ പേജ് പൂരിപ്പിച്ച് ഫിയാത്ത് മിഷനിലേയ്ക്ക് അയച്ചുതരുകയോ Ave Maria tower, New Church Road, Thrissur-01, അല്ലെങ്കിൽ പൂരിപ്പിച്ച പേജിന്റെ ഫോട്ടോയെടുത്ത് 9961550000 എന്ന നമ്പറിൽ വാട്സാപ്പ് ചെയ്യുകയോ, fiatxtn@gmail.com ലേയ്ക്ക് മെയിൽ ചെയ്യുകയോ ചെയ്യുക.)

As an act of gratitude and worship, I pledge to give from my personal sources and raised from other sources for mission activities.

മിഷൻ പ്രവർത്തനങ്ങൾ എന്റെയും ഉത്തരവാദിത്വമാണെന്ന ബോധ്യത്തോടെ സാധിക്കുന്ന രീതിയിൽ ഫിയാത്ത് മിഷന് സാമ്പത്തികസഹായം നൽകാനും, ഈ ശുശ്രൂഷയെ സഹായിക്കാൻ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കാനും ഞാൻ തീരുമാനിക്കുന്നു.

a sum of Rs. ..............................................................................................................

(in words ..............................................................................) towards Fiat Mission.

The above sum will be sent to Fiat Mission - മേൽ പറഞ്ഞ തുക ഫിയാത്ത് മിഷനിലേയ്ക്ക് താഴെ പറഞ്ഞ രീതിയിൽ ഞാൻ അയച്ചുകൊള്ളാം.

| monthly എല്ലാ മാസവും | ☐ | quarterly മൂന്നു മാസത്തിലൊരിക്കൽ | ☐ | once only, in the month of .......................... ഒരു തവണ മാത്രം | ☐ |
|---|---|---|---|---|---|

mark your option ☑ നിങ്ങളുടെ തീരുമാനം അടയാളപ്പെടുത്തുക

Name ......................................................................................................

Address ...................................................................................................

..............................................................................................................

Mobile ....................................... e-mail ..............................................

Signature ........................................................ Date..............................

Birthday:.................................... Wedding Anniversary..................................

| | | |
|---|---|---|
| Do you wish to receive a reminder?<br>ഇക്കാര്യം ഓർമ്മപ്പെടുത്തണമെന്ന് ആഗ്രഹിക്കുന്നോ? | Yes ☐ | No ☐ |
| Would you like to receive Fiat Magazine to this address?<br>ഈ വിലാസത്തിൽ ഫിയാത്ത് മാസിക അയയ്ക്കണോ? | Yes ☐ | No ☐ |
| Would you like to receive SMS updates?<br>താങ്കളുടെ ഫോണിൽ എസ്.എം.എസ്. സന്ദേശങ്ങൾ അയയ്ക്കണോ? | Yes ☐ | No ☐ |
| Would you like to be added to Fiatmission's whatsapp group?<br>താങ്കളെ ഫിയാത്ത് മിഷന്റെ വാട്സാപ്പ് ഗ്രൂപ്പിൽ ചേർക്കണോ? | Yes ☐ | No ☐ |

ഫിയാത്ത്മിഷൻ
ലോകസുവിശേഷവത്കരണം ലക്ഷ്യംവെച്ചുകൊണ്ടുള്ള കത്തോലിക്കാസഭയിലെ ഒരു അത്മായമുന്നേറ്റം.

### എങ്ങനെ പണമയയ്ക്കാം?

ഫിയാത്ത് മിഷന്റെ ദൈവരാജ്യശുശ്രൂഷയ്ക്കുള്ള ധനസഹായം താഴെപ്പറയുന്ന രീതികളിൽ അയയ്ക്കാവുന്നതാണ്.

**1. ചെക്ക്/ഡ്രാഫ്റ്റ്**

ചെക്കും ഡ്രാഫ്റ്റും FIATMISSION -ന്റെ പേരിലാണ് എടുക്കേണ്ടത്.

**2. DIRECT BANK TRANSFER / NEFT/RTGS / ONLINE BANKING**

ഇപ്രകാരം പണം അയയ്ക്കുന്നവർക്ക് താഴെപ്പറയുന്ന എതെങ്കിലും ഒരു അക്കൗണ്ടിൽ പണം അടയ്ക്കാവുന്നതാണ്.

**3. മണിഓർഡർ**

മണിഓർഡർ മുഖേനയും നിങ്ങൾക്കു പണം അയയ്ക്കാവുന്നതാണ്.

### പണം അയച്ചതിനു ശേഷം എന്തുചെയ്യണം?

മുകളിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഒരു രീതിയിൽ പണമടച്ചതിനുശേഷം താഴെപ്പറയുന്ന വിവരങ്ങൾ ഫോണിലൂടെയോ ഇ-മെയിലിലൂടെയോ കത്തിലൂടെയോ ഞങ്ങളെ അന്ന് തന്നെ അറിയിക്കേണ്ടതാണ്.

- ✔ പണം അയച്ച ആളിന്റെ പേര്. അഡ്രസ്സ്, TRANSACTION/REFERENCE ID.
- ✔ TRANSACTION DATE.
- ✔ പണം അയച്ചത് ഫിയാത്ത്മിഷന്റെ ഏത് A/C യിലേക്ക്
- ✔ ഫിയാത്തിന്റെ എന്ത് ആവശ്യത്തിനാണ് പണം അയച്ചത് (PURPOSE).

എഴുത്തിനോടൊപ്പം DEPOSIT SLIP -ന്റെ കോപ്പികൂടി അയച്ചുതരിക.

### STANDING INSTRUCTION

എല്ലാ മാസവും പതിവായി ഫിയാത്ത്മിഷനിലേയ്ക്ക് സാമ്പത്തികസഹായം ബാങ്ക് വഴി അയയ്ക്കാനായി ബാങ്കിൽ **STANDING INSTRUCTION** നൽകാവുന്നതാണ്. ഇതുവഴി നിങ്ങളുടെ വിലപ്പെട്ടസമയം ചെലവഴിക്കാതെ തന്നെ എല്ലാമാസവും കൃത്യമായി നിർദ്ദേശിക്കപ്പെട്ട തുക ഫിയാത്ത് മിഷനിലേയ്ക്ക് മാറ്റപ്പെടുന്നതാണ്.

FIATMISSION Ave Maria tower,
New Church Road, Thrissur-01, Ph: +91 9961550000,
fiatmission.org email: fiatxtn@gmail.com

| A/C NAME | BANK NAME | ACCOUNT NO: | SWIFT CODE IFSC CODE |
|---|---|---|---|
| FIATMISSION | SOUTH INDIAN BANK EAST FORT, THRISSUR 680 005 | **0368 0730 0000 0759** CURRENT A/C | SWIFT: SOININ 55, IFSC: SIBL 0000368 |
| FIATMISSION | STATE BANK OF INDIA EAST FORT, THRISSUR 680 005 | **3462 4149 962** CURRENT A/C | IFSC: SBIN0009121 |
| FIATMISSION | FEDERAL BANK EAST FORT, THRISSUR 680 005 | **1272 02 0000 5600** CURRENT A/C | SWIFT: FDRLINBBIBD IFSC: FDRL0001272 |
| FIATMISSION | CATHOLIC SYRIAN BANK EAST FORT, THRISSUR 680 005 | **0299 0350 0862 195001** CURRENT A/C | IFSC: CSBK0000299 |
| FIATMISSION | KOTAK MAHINDRA BANK M.G. ROAD, WEST FORT, THRISSUR- 680 004 | **1712 486441** SB A/C | IFSC: KKBK0000596 |




Printed and Published by Ceetly George, FIATMISSION, C-24/B, 2nd Floor, Pancheelvihar, New Delhi - 17
Printed at FIAT Bible Printers, Angamali